യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 15 ലക്കം 10 ഒക്ടോബർ 2017 വില 15 രൂപ



JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 15 ഒക്ടോബർ 2017 ലക്കം 10

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


## മൊഴിമുത്തുകൾ

# പാപബോധം കൃപയുടെ പ്രവൃത്തി




പരിശുദ്ധാത്മാവു നൽകുന്ന പാപബോധം സത്യത്തിൽ ദൈവത്തിന്റെ കൃപയുടെ ഒരു പ്രവൃത്തിയാണ്. അതു നമ്മിലെ പാപത്തിന്റെ വഞ്ചനയെ തുറന്നു കാട്ടുവാൻ വേണ്ടിയുള്ളതാണ്. അതുകൊണ്ടു നമ്മുടെ മനസ്സാക്ഷിയിൽ നിരന്തരം പാപബോധത്തിന്റെ ഭാരം നൽകി പാപത്തിന്റെ ഭയങ്കരത്വം മുഴുവനായി വെളിച്ചത്തു കൊണ്ടുവരുവാൻ ദൈവാത്മാവിനോട് നാം അപേക്ഷിക്കണം.

**- ഡേവിഡ് വിൽക്കേഴ്സൺ**

## മാർഗ്ഗരേഖ

A **Joyful 'toon** by Mike Waters




പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക. സ്വന്ത വിവേകത്തിൽ ഊന്നരുത്...അവൻ നിന്റെ പാതകളെ നേരെയാക്കും. (സദൃ. 3:5,6)

*എഡിറ്റോറിയൽ*



# ആദ്യസ്നേഹം അവസാനത്തോളം

'കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ! നമ്മുടെ കർത്താവു വരുന്നു' (1 കൊരിന്ത്യർ 16:22).

പൗലൊസ് കൊരിന്ത്യർക്കുള്ള ദീർഘമായ തന്റെ ലേഖനം അവസാനിപ്പിക്കുകയാണ്. 'എല്ലാവർക്കും വന്ദനം, സ്നേഹാശംസകൾ' എന്നിങ്ങനെ ഔപചാരികമായ ചില വാക്കുകൾ എഴുതുന്ന അവസാന ഖണ്ഡികയിൽ പൊടുന്നനെ പൗലൊസ് എന്തോ ഓർത്തിട്ടെന്നവണ്ണം വായനക്കാരുടെ ചങ്കിൽ തറയ്ക്കത്തക്കവണ്ണം രണ്ടു കാര്യങ്ങൾകൂടി കുറിക്കുകയാണ്. ഒന്ന്: 'കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ' രണ്ട്: നമ്മുടെ കർത്താവു വരുന്നു'. ഗ്രീക്കിൽ ഇതു രണ്ടു വാക്കുകൾ മാത്രമാണ്. അനാഥെമാ, മാറാനാഥാ എന്നിങ്ങനെ. മാറാനാഥാ എന്നാൽ നമ്മുടെ കർത്താവു വേഗം വരുന്നു. കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ എന്നാണു അനാഥെമാ എന്ന വാക്കിന്റെ അർത്ഥം.

നടുക്കുന്ന ഒരു മുന്നറിയിപ്പാണ് 'അനാഥെമാ'യെങ്കിൽ പ്രതീക്ഷ ഉണർത്തുന്ന പ്രത്യാശയുടെ വാക്കാണ് 'മാറാനാഥാ'. പക്ഷേ ഇതു രണ്ടും പൗലൊസ് കുറിച്ചിട്ടിരിക്കുന്നത് ഇതുമായി വലിയ ബന്ധമില്ലാത്ത ഔപചാരികമായ ചില ഭംഗിവാക്കുകൾക്കിടയിലാണെന്നതു ശ്രദ്ധേയമല്ലേ? ഈ രണ്ടു വാക്കുകളും അവ നൽകുന്ന ആശയവും അതെഴുതിയ പശ്ചാത്തലത്തിൽ നിന്നു വേറിട്ട് എഴുന്നു നില്ക്കുകയാണ്.

അർത്ഥതലത്തിൽ മാത്രമല്ല കാഴ്ചയ്ക്കും ഈ രണ്ടു വാക്കുകളും ആ ലേഖനത്തിൽ വലുപ്പം കൊണ്ട് എടുത്തു നില്ക്കുകയായിരുന്നുവെന്നു വേദപണ്ഡിതന്മാർ കാര്യകാരണസഹിതം വിശദീകരിക്കാറുണ്ട്. വലിയ പ്രസക്തിയില്ലെന്നു തോന്നിയാലും അവരുടെ രസകരമായ കണ്ടെത്തൽ ഒന്നു നോക്കിക്കാണുന്നതു നന്നായിരിക്കും. കാരണം അതു നമുക്കും ചില പുതിയ വെളിച്ചം നൽകിയേക്കും.

ഈ ലേഖനത്തിന്റെ അവസാന ഖണ്ഡിക മുഴുവനായി ഇങ്ങനെയാണ്: "പൗലൊസായ എന്റെ കയ്യാൽ വന്ദനം. കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ! നമ്മുടെ കർത്താവു വരുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ. നിങ്ങൾക്കേവർക്കും ക്രിസ്തുയേശുവിൽ എന്റെ സ്നേഹം ആമേൻ!" (1 കൊരി 16:21-24).

ലേഖനം അവസാനിപ്പിക്കുമ്പോൾ "പൗലൊസായ എന്റെ കയ്യാൽ വന്ദനം' എന്നു പൗലൊസ് എടുത്തെഴുതുന്നതിന്റെ പ്രസക്തി എന്താണ്? 2 തെസ്സലോനിക്യർ 3:17 ലാണു പൗലൊസ് അങ്ങനെ എഴുതുന്നതിന്റെ കാരണം വിശദീകരിക്കുന്നത്: "പൗലൊസായ എന്റെ കയ്യാൽ വന്ദനം. സകലലേഖനത്തിലും ഇതു തന്നെ അടയാളം. ഇങ്ങനെ ഞാൻ എഴുതുന്നു". അന്ന് ഒന്നാംനൂറ്റാണ്ടിൽ അപ്പോസ്തലന്മാർ എഴുതിയതാണെന്ന

മട്ടിലുള്ള വ്യാജ ലേഖനങ്ങൾ പ്രചാരത്തിൽ ഉണ്ടായിരുന്നു. അതു കൊണ്ടു സ്വന്ത ലേഖനങ്ങളെ പൗലൊസ് തന്നെ ഇങ്ങനെയാണ് അട യാളപ്പെടുത്തിയിരുന്നത്. മാത്രമല്ല, വ്യാജ ലേഖനങ്ങൾക്കെതിരെ അദ്ദേഹം മുന്നറിയിപ്പ് നൽകിയിട്ടുമുണ്ട്. "നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധം വിട്ട് വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത്" (2 തെസ്സ. 2:2). സാധാരണ പൗലൊസ് എഴുതുന്ന ലേഖനങ്ങൾ അതിന്റെ ആശയഗാംഭീര്യം കൊണ്ടും ശൈലിയുടെ പ്രത്യേകതകൾ കൊണ്ടും ആത്മീയകാര്യങ്ങളിൽ പരിണിതപ്രജ്ഞരായ ആളുകൾക്കു തിരിച്ചറി യാൻ കഴിയുമായിരുന്നു. ഇതേസമയം, സാധാരണക്കാർക്കുപോലും ലേഖനം അവസാനിപ്പിക്കുന്ന രീതികൊണ്ട് അതു പൗലൊസിന്റേതാ ണെന്നു മനസ്സിലാകുമായിരുന്നു. 'കൃപ നിങ്ങളുടെ ആത്മാവോടു കൂടെ ഇരിക്കട്ടെ' എന്ന ആശംസയോടെയാണ് അദ്ദേഹം ചെറുതും വലുതു മായ തന്റെ എല്ലാ ലേഖനങ്ങളും അവസാനിപ്പിക്കുക (റോമർക്കെഴുതിയ ലേഖനം മാത്രമാണ് ഇതിനൊരു അപവാദം). ലേഖനകർത്താവ് ആരെന്നു വ്യക്തമാക്കിയിട്ടില്ലാത്ത എബ്രായ ലേഖനം പൗലൊസാണ് എഴുതിയതെന്നു മിക്ക വേദപണ്ഡിതന്മാരും കരുതുന്നതിനുള്ള പല കാര ണങ്ങളിലൊന്ന് ഇതാണ്-എബ്രായലേഖനവും 'കൃപ നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ' എന്ന പൗലൊസിന്റെ മുദ്ര പതിഞ്ഞ ആശംസയോ ടെയാണല്ലോ അവസാനിക്കുന്നത്.

ഉവ്വ്, ലേഖനത്തിന്റെ അവസാന ആശംസകൊണ്ട് അതു പൗലൊ സിന്റേതാണെന്നു തിരിച്ചറിയാം. എന്നാൽ പൗലൊസ് എഴുതി എന്ന ഭാവത്തിലുള്ള വ്യാജലേഖനം ചമച്ചു വിശ്വാസികളെ വഴിതെറ്റിക്കുന്ന വർ ഇതും അനുകരിക്കാൻ തുടങ്ങിയപ്പോഴാകണം 'പൗലൊസായ എന്റെ കയ്യാൽ വന്ദനം. സകലലേഖനത്തിലും ഇതുതന്നെ അടയാളം' എന്നു പൗലോസ് പ്രത്യേകം രേഖപ്പെടുത്തിയത്.

'പൗലൊസായ എന്റെ കയ്യാൽ വന്ദനം' എന്ന അടയാളവാക്യവും 'കൃപനിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ' എന്ന സമാപന ആശംസയും ഒന്നു കൊരിന്ത്യർ അവസാനഖണ്ഡികയിലും നമുക്കു കാണാം. എന്നാൽ ഇവയുടെ നടുവിൽ പൗലൊസ് മറ്റു ലേഖനങ്ങളിൽ നിന്നു വ്യത്യസ്ത മായ രണ്ടു വാക്കുകൾ കൂടി രേഖപ്പെടുത്തുന്നു-അനാഥെമാ, മാറാനാ ഥാ.

എന്നാൽ ഈ രണ്ടു വാക്കുകൾ ഒറ്റ നോട്ടത്തിൽ തന്നെ ആരുടേയും ദൃഷ്ടിയിൽ തറയ്ക്കും വിധം ആ ലേഖനത്തിലെ മറ്റ് എഴുത്തിനെക്കാൾ വലിയ അക്ഷരത്തിലായിരിക്കണം രേഖപ്പെടുത്തിയിരുന്നത്. ഇങ്ങനെ ഊഹിക്കാൻ എന്താണു കാരണം? ഗലാത്യർ 6:11 കാണുക. "നോക്കു വിൻ, എത്ര വലിയ അക്ഷരമായി ഞാൻ നിങ്ങൾക്കു സ്വന്ത കൈകൊ ണ്ടുതന്നെ എഴുതിയിരിക്കുന്നു" പൗലൊസ് സ്വന്തകൈകൊണ്ട് എഴു തിയാൽ അതു വലിയ അക്ഷരമായിരിക്കും! എന്തു കൊണ്ടാണങ്ങനെ? ദമസ്ക്കോസിന്റെ പടി

*(ശേഷം പേജ് 38 ൽ)*

**സന്ദേശം**


# കർത്താവിനോടുള്ള ആദ്യ സ്നേഹം നഷ്ടപ്പെടരുത്

**സാക് പുന്നൻ**

വെളിപ്പാട് രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ സഭകളിലെ മൂപ്പന്മാർക്ക് ഉള്ള കർത്താവിന്റെ സന്ദേശങ്ങൾ അടങ്ങിയിരിക്കുന്നു. ഏഴു സഭകളിൽ അഞ്ചിലേയും പിന്മാറ്റക്കാരായ മൂപ്പന്മാരെ കർത്താവ് പരസ്യമായി ശാസിക്കുന്നുണ്ട്. അപ്പോസ്തലനായ യോഹന്നാനിൽക്കൂടെ 'വ്യക്തിപരവും രഹസ്യസ്വഭാവമുള്ളതുമായ' കത്തുകളല്ല, മറിച്ച് ആ സഭകളിലുള്ള എല്ലാ വിശ്വാസികളെയും പരസ്യമായി വായിച്ചുകേൾപ്പിക്കേണ്ട കത്തുകളാണ് യേശുക്രിസ്തു അയച്ചിട്ടുള്ളത്.

**എഫെസോസ്-കർത്താവിനോടുള്ള സ്നേഹം നഷ്ടപ്പെട്ട സഭ**

എഫെസോസിലെ സഭയുടെ മൂപ്പൻ പ്രകടമായ ഏതെങ്കിലും പാപ



*സ്വകീയവും മാനസികവുമായ ശക്തികളെ മരിപ്പിക്കുന്നതിനെപ്പറ്റി ഒരു പ്രസംഗകന് അറിവില്ലാതിരിക്കുമ്പോൾ അയാൾ വിശ്വാസികളെ ക്രിസ്തുവിനോടല്ല, തന്നോടുതന്നെ ബന്ധിപ്പിക്കുവാൻ ഇടയാകും. വിശ്വാസികൾ ഈ പ്രസംഗകനെ അഭിനന്ദിക്കുകയും പിന്തുടരുകയും ചെയ്യും.*

**സാത്താൻ എപ്പോഴും നമ്മെ ക്രിസ്തുവിനോടുള്ള ഭക്തിയിൽനിന്ന് രണ്ടാംകിട പ്രാധാന്യം മാത്രമുള്ള ചിലതിലേക്കു തിരിക്കുവാനാണ് ശ്രമിക്കുന്നത്. കർത്താവിനു വേണ്ടിയുള്ള നമ്മുടെ വേല കർത്താവിനെക്കാൾ കൂടുതൽ പ്രധാനമായ ഒരു കാര്യമായി നമുക്കു തീരുമ്പോൾ നാം ആത്മീയമായി പിന്മാറ്റത്തിലായിക്കഴിഞ്ഞിരിക്കുന്നു. കർത്താവിനു വേണ്ടിയുള്ള നമ്മുടെ എല്ലാ അദ്ധ്വാനങ്ങളും അവിടുത്തോടുള്ള നമ്മുടെ വ്യക്തിപരമായ ബന്ധത്തിൽനിന്നാണ് ഉറവെടുക്കേണ്ടത്.**

ത്തിനു വേണ്ടിയല്ല, പിന്നെയോ ആദ്യസ്നേഹം (ആദ്യദിനങ്ങളിൽ കർത്താവിനോടുണ്ടായിരുന്ന തീവ്രമായ സ്നേഹം) നഷ്ടപ്പെട്ടതിന്റെ പേരിലാണ് ശാസിക്കപ്പെട്ടത് (വെളി.2 :1-5). ഒരു പക്ഷേ അദ്ദേഹമിപ്പോൾ മറ്റുള്ളതെല്ലാം മറന്ന് ഓരോ ഞായറാഴ്ചത്തെയും പ്രസംഗങ്ങൾ തയ്യാറാക്കുന്നതിൽ മാത്രം വ്യാപൃതനായിരിക്കുകയാണ്. തന്മൂലം തന്റെ വ്യക്തിപരമായ ജീവിതത്തിൽ കർത്താവിനോടുണ്ടായിരിക്കേണ്ട തീവ്രഭക്തിയും സ്നേഹവും അദ്ദേഹം നിശ്ശേഷം മറന്നുപോയിരിക്കുന്നു. ഇതൊരു ഗൗരവാവഹമായ തെറ്റാണ്.

സാത്താൻ എപ്പോഴും നമ്മെ ക്രിസ്തുവിനോടുള്ള ഏകാഗ്രവും നിർമ്മലവുമായ ഭക്തിയിൽനിന്ന് രണ്ടാംകിട പ്രാധാന്യം മാത്രമുള്ള ചിലതിലേക്കു തിരിക്കുവാനാണ് ശ്രമിക്കുന്നത് (2 കൊരി. 11:3). കർത്താവിനു വേണ്ടിയുള്ള നമ്മുടെ വേല കർത്താവിനെക്കാൾ കൂടുതൽ പ്രധാനമായ ഒരു കാര്യമായി നമുക്കു തീരുമ്പോൾ നാം ആത്മീയമായി പിന്മാറ്റത്തിലായിക്കഴിഞ്ഞിരിക്കുന്നു. കർത്താവിനു വേണ്ടിയുള്ള നമ്മുടെ എല്ലാ അദ്ധ്വാനങ്ങളും അവിടുത്തോടുള്ള നമ്മുടെ വ്യക്തിപരമായ ബന്ധത്തിൽനിന്നാണ് ഉറവെടുക്കേണ്ടത്. അല്ലാത്തപക്ഷം അവയ്ക്ക് ആത്മീയമൂല്യമില്ലാതായിത്തീരും. അവ കേവലം നിർജ്ജീവപ്രവൃത്തികളായും സാമൂഹ്യസേവനമായും തീർന്നുപോകും.

എപ്പോഴെങ്കിലും ഏതെങ്കിലും കാര്യം നമുക്കു കർത്താവിനെക്കാളധികം പ്രധാനമായിത്തീരുന്നപക്ഷം പിന്നീട് നമുക്കു പുതിയ ഉടമ്പടിയുടെ ശുശ്രൂഷകന്മാരാകുവാൻ സാധ്യമല്ല. എന്തെന്നാൽ കർത്താവിനു വേണ്ടിയുള്ള സേവനത്തിന് ഊന്നൽ നൽകിയിട്ടുള്ള പഴയ ഉടമ്പടിയിൽനിന്നു വ്യത്യസ്തമായി പുതിയ ഉടമ്പടി കർത്താവുമായുള്ള ബന്ധത്തിനു പ്രാധാന്യം നൽകുന്നു. ഈ വ്യത്യാസം ഗ്രഹിച്ചിട്ടില്ലെങ്കിൽ ക്രിസ്തുവിന്റെ ശരീരം കെട്ടിപ്പടുക്കുവാൻ നമുക്കു സാധ്യമല്ല.

**പെർഗ്ഗമോസ് - ലോകമയത്വത്തിന്റെ ഉപദേശം**

സഭയെ ലോകമയത്വത്തിലേക്കും പാപത്തോടുള്ള ഉദാസീനമനോഭാവത്തിലേക്കും നയിക്കുന്ന ഉപദേശങ്ങൾ പഠിപ്പിക്കുവാൻ ആളുകളെ അനുവദിച്ചതിനാണ് പെർഗ്ഗമോസിലെ സഭയുടെ മൂപ്പൻ ശാസിക്കപ്പെട്ടത് (വെളി.2:14,15.). അദ്ദേഹം സ്വയം ഒരു നല്ല മനുഷ്യനായിരുന്നിരിക്കണം. എന്നാൽ ബിലെയാമിന്റെ

ഉപദേശം പ്രചരിപ്പിക്കുവാൻ അദ്ദേഹം മറ്റുള്ളവരെ അനുവദിച്ചു. തന്മൂലം അദ്ദേഹം കുറ്റക്കാരനായി ത്തീർന്നു.

പാപത്തെ ലഘുവായിക്കരുതുന്ന അവസ്ഥയിലേക്ക് ആളുകളെ നയിക്കുന്ന ഒരു ഉപദേശവും സഭയിൽ പ്രസംഗിക്കുന്നില്ല എന്നുറപ്പുവരുത്തുവാനുള്ള ചുമതല കർത്താവു മൂപ്പന്മാരെ ഏല്പിച്ചിരിക്കുന്നു. ദൈവഭക്തിയിലേക്ക്- അതായത് ദൈവഭയത്തോടുകൂടിയതും ക്രിസ്തുവിന്റേതിനു തുല്യവുമായ ഒരു ജീവിതത്തിലേക്ക്-ആളുകളെ നയിക്കുന്ന ഒരു ഉപദേശമുണ്ട്. അതു മാത്രമാണ് പഥ്യോപദേശം അഥവാ ആരോഗ്യകരമായ ഉപദേശം (1 തിമോ. 6:3 മാർജിൻ). മറ്റെല്ലാ ഉപദേശങ്ങളും ഏറിയോ കുറഞ്ഞോ ഉള്ള അളവിൽ അപഥ്യങ്ങളാണ്. അനാരോഗ്യകരങ്ങളാണ്.

ഈ മൂപ്പൻ തന്റെ സഭയിൽ ഇത്തരം അപഥ്യോപദേശങ്ങൾ എന്തുകൊണ്ട് അനുവദിച്ചു? ഇതായിരിക്കാം അതിന്റെ കാരണം: വിനീതനും സൗമ്യനുമായ ഒരു സഹോദരനെന്ന പ്രശസ്തി നേടുവാൻ അദ്ദേഹം ആഗ്രഹിച്ചു. തന്മൂലം ഒരു കാര്യത്തിലും അദ്ദേഹം സഹോദരീസഹോദന്മാരുടെ തെറ്റുകളെ ശാസിക്കുകയോ തിരുത്തുകയോ ചെയ്തില്ല. അങ്ങനെയെങ്കിൽ സഭയുടെ നന്മയെക്കാളധികം തന്റെ തന്നെ മാനമാണ് അദ്ദേഹം അന്വേഷിക്കുന്നത്.

യേശുക്രിസ്തു തന്നെ നമ്മോടാവശ്യപ്പെട്ടിട്ടുള്ളതുപോലെ താഴ്മയും സൗമ്യതയും അവിടുത്തെ ജീവിതമാതൃകയിൽ നിന്നു നാം പഠിക്കേണ്ട സദ്ഗുണങ്ങളാണ് (മത്താ.11:29). അങ്ങനെ നാം ചെയ്യുന്നില്ലെങ്കിൽ നമുക്ക് അവയുടെ അർത്ഥത്തെപ്പറ്റി

> **യേശുക്രിസ്തു തന്നെ നമ്മോടാവശ്യപ്പെട്ടിട്ടുള്ളതുപോലെ താഴ്മയും സൗമ്യതയും അവിടുത്തെ ജീവിതമാതൃകയിൽ നിന്നു നാം പഠിക്കേണ്ട സദ്ഗുണങ്ങളാണ്. യേശു താഴ്മയും സൗമ്യതയും ഉള്ളവനായിരുന്നെങ്കിലും പണവ്യാപാരികളെ ദൈവാലയത്തിൽനിന്ന് അടിച്ച് പുറത്താക്കുന്നതിൽ ആ ഗുണങ്ങൾ അദ്ദേഹത്തെ തടഞ്ഞില്ല. അതുപോലെ "സാത്താനേ, എന്നെ വിട്ടുപോ" എന്നു പത്രോസിനെ ശാസിക്കുന്നതിലും അത് അദ്ദേഹത്തിനു തടസ്സമുണ്ടാക്കിയില്ല.**

തെറ്റായ ഒരു ധാരണയുണ്ടാകുവാൻ ഇടയായിത്തീരും.

യേശു താഴ്മയും സൗമ്യതയും ഉള്ളവനായിരുന്നെങ്കിലും പണവ്യാപാരികളെ ദൈവാലയത്തിൽനിന്ന് അടിച്ച് പുറത്താക്കുന്നതിൽ ആ ഗുണങ്ങൾ അദ്ദേഹത്തെ തടഞ്ഞില്ല. അതുപോലെ യേശു ക്രൂശുമരണത്തിൽനിന്നു പിൻവാങ്ങണമെന്നുള്ള ഒരു ദുരുപദേശം പത്രോസ് പ്രസംഗിച്ചപ്പോൾ "സാത്താനേ, എന്നെ വിട്ടുപോ" എന്നു പത്രോസിനെ ശാസിക്കുന്നതിലും അത് അദ്ദേഹത്തിനു തടസ്സമുണ്ടാക്കിയില്ല (മത്താ.16:22,23).

പത്രോസിനെപ്പോലെയുള്ള ഒരു നല്ല സഹോദരനെക്കൊണ്ടുപോലും സഭയെ വഴി തെറ്റിക്കുവാൻ സാത്താനു കഴിയും. എന്തെന്നാൽ ക്രൂശിന്റെ വചനത്തെ ലഘൂകരിക്കു

> **ആത്മീയശക്തിയും ദേഹിയുടെ ശക്തിയും തമ്മിൽ മഹത്തായ ഒരന്തരമുണ്ട്.ഒരു വ്യക്തിക്കു ധാരാളം വേദപരിജ്ഞാനവും നല്ല പ്രസംഗചാതുര്യവും ഉണ്ടായിരിക്കാം. അയാൾ സഹോദരീസഹോദരന്മാരോടു വളരെ നന്മയും ഔദാര്യവും കാട്ടുന്നവനും ആയേക്കാം. എന്നാൽ അയാൾ ആളുകളെ ക്രിസ്തുവിനോടല്ല, തന്നോടുതന്നെയാണ് ബന്ധിപ്പിക്കുന്നതെങ്കിൽ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുന്നതിൽ അയാൾ ഒരു പ്രതിബന്ധമായിത്തീരും.**

മാറ് ആ സഹോദരൻ സഭയിൽ സംസാരിച്ചെന്നു വരാം. അത്തരം പ്രസംഗം സാത്താന്റെ ശബ്ദമാണെന്നു നാം എപ്പോഴും തിരിച്ചറിയേണ്ടിരിക്കുന്നു. എന്തെന്നാൽ സഭ പോകണമെന്നു ദൈവം ആഗ്രഹിക്കുന്ന ദിശയിൽ നിന്ന് അതിനെ തെറ്റിച്ചു കളയുവാൻ അതിലൂടെ സാത്താനു കഴിയും.

സഭയിലെ മൂപ്പന്മാരെന്ന നിലയിൽ നമുക്കുള്ള ഏറ്റവും വലിയ ചുമതലകളിലൊന്നു സഭ മുന്നേറേണ്ട ദിശയിലേക്ക് അത് മുന്നേറുമാറ് അതിന്റെ ഗതിയെ നിയന്ത്രിക്കുകയാണ്. അത് ഒരിക്കലും ലോകമയത്വത്തിന്റെയോ ഒത്തുതീർപ്പുമനോഭാവത്തിന്റെയോ ദിശയിലായിരിക്കരുത്. പരീശമനോഭാവത്തിന്റെയോ നിയമദാസ്യത്തിന്റെയോ ദിശയിൽ സഭ മുന്നോട്ടു പോകുവാൻ നാം ഇട വരുത്തരുത്. നേരെ മറിച്ച് ക്രൂശിന്റെ വഴിയിലൂടെ-ദൈവഹിതമെന്ന ലക്ഷ്യത്തിലേക്കു നയിക്കുന്ന വഴിയിലൂടെ ത്തന്നെ—ആണ് അതു മുന്നോട്ടുപോകേണ്ടത്.

ബിലെയാമിനെപ്പോലെയുള്ള പ്രസംഗകന്മാർക്കു സാധാരണ വലിയ മാനസികശക്തികൾ (soul power) ഉണ്ടായിരിക്കും. അത്തരക്കാർക്ക് സഭാജനങ്ങളുടെ മേൽ അനാരോഗ്യകരമായ സ്വാധീനം ചെലുത്തുവാനും സാധിക്കും. ശക്തമായ മാനുഷികവ്യക്തിത്വമുള്ള ആളുകൾ തീർച്ചയായും മറ്റുള്ളവരെ അധീനതയിലാക്കുകയും ക്രിസ്തുവെന്ന തലയുമായി അവർ ബന്ധപ്പെടുന്നതിനെ തടയുകയും ചെയ്യും. യഥാർത്ഥ ആത്മീയതയിൽനിന്ന് ഉപരിപ്ലവവും ലോകമയവുമായ മതഭക്തിയിലേക്കു മറ്റുള്ളവർ മാറിപ്പോകുമാറ് ഇക്കൂട്ടർ അവരെ സ്വാധീനിക്കുകകൂടിച്ചെയ്യും.

സ്വകീയവും മാനസികവുമായ ശക്തികളെ (soul power) മരിപ്പിക്കുന്നതിനെപ്പറ്റി ഒരു പ്രസംഗകന് അറിവില്ലാതിരിക്കുമ്പോൾ അയാൾ വിശ്വാസികളെ ക്രിസ്തുവിനോടല്ല, തന്നോടുതന്നെ ബന്ധിപ്പിക്കുവാൻ ഇടയാകും. വിശ്വാസികൾ ഈ പ്രസംഗകനെ അഭിനന്ദിക്കുകയും പിന്തുടരുകയും ചെയ്യും. എങ്കിലും അവർ തങ്ങളുടെ ജീവിതങ്ങളിൽ പാപത്തിന്മേലും ലോകമയത്വത്തിന്മേലും ഒരിക്കലും വിജയം നേടുകയുമില്ല.

ആത്മീയശക്തിയും ദേഹിയുടെ ശക്തിയും തമ്മിൽ മഹത്തായ ഒരന്തരമുണ്ട്. ഇവയെ തമ്മിൽ വിവേചിച്ചറിയുവാനുള്ള കഴിവ് നമുക്ക് അനുപേക്ഷണീയമാണ്. ഒരു വ്യക്തിക്കു ധാരാളം വേദപരിജ്ഞാനവും നല്ല പ്രസംഗചാതുര്യവും ഉണ്ടായിരിക്കാം. അയാൾ സഹോദരീസഹോദരന്മാ

രോടു വളരെ നന്മയും ഔദാര്യവും കാട്ടുന്നവനും പല പ്രായോഗിക മാർഗ്ഗങ്ങളിൽ അവരെ സഹായിക്കുന്നവനും ആയേക്കാം. എന്നാൽ അയാൾ ആളുകളെ ക്രിസ്തുവിനോടല്ല, തന്നോടുതന്നെയാണ് ബന്ധിപ്പിക്കുന്നതെങ്കിൽ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുന്നതിൽ അയാൾ ഒരു പ്രതിബന്ധമായിത്തീരും.

ബിലെയാമിനെപ്പോലെയുള്ള പ്രസംഗകർക്കു മറ്റുള്ളവരിൽനിന്നു ദാനങ്ങൾ ലഭിക്കുന്നതു സന്തോഷകരമായിരിക്കും (സംഖ്യ 22: 15-17). ഒരു ദാനത്തിനു നമ്മുടെ കണ്ണുകളെ അന്ധമാക്കുവാനും നാം മനുഷ്യർക്ക് അടിമകളായിത്തീരുമാറ് അവരോടു കടപ്പാടുള്ളവരാക്കി നമ്മെ തീർക്കുവാനും കഴിയും. ദൈവത്തിന്റെ സത്യം സംസാരിക്കുന്നതിനും നമുക്കു സഹായം ചെയ്തവരുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചു തിരുത്തുന്നതിനും ഇതു നമുക്കു തടസ്സമായിത്തീരാം.

ഒരു ദൈവഭൃത്യൻ എപ്പോഴും സ്വതന്ത്രനായിരിക്കണം. "നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു; മനുഷ്യർക്കു ദാസന്മാരായിരിക്കരുത്" (1 കൊരി. 7:23).

പെർഗ്ഗമോസ് സഭയിലെ മൂപ്പൻ മനുഷ്യർക്ക് ദാസനായിത്തീർന്നതു മൂലം അവിടത്തെ സഭയിൽ ബിലെയാമിന്റെ ഉപദേശം ശക്തിപ്രാപിക്കുവാൻ ഇടയായി.

ബിലെയാമിന്റെ ഉപദേശത്തിന് അതിൽത്തന്നെ രണ്ടു ഘടകങ്ങൾ ഉണ്ട്. 2 പത്രോ. 2:14,15 വാക്യങ്ങളിൽ ഇവ രണ്ടിനെയും പറ്റി പത്രോസ് പരാമർശിച്ചിരിക്കുന്നു. ദ്രവ്യാഗ്രവും വ്യഭിചാരവുമാണ് ഈ ഘടകങ്ങൾ.

പണത്തെ സ്നേഹിക്കുന്നവൻ ദൈവത്തെ വെറുക്കുന്നുവെന്നും പണത്തോടു പറ്റിച്ചേരുന്നവൻ ദൈവത്തെ നിന്ദിക്കുന്നുവെന്നും യേശു പറഞ്ഞു (ലൂക്കോ. 16:13 ശ്രദ്ധാപൂർവ്വം വായിക്കുക).

ഈ വസ്തുത നാം വ്യക്തമായി പഠിപ്പിക്കാതിരിക്കുന്നപക്ഷം നമ്മുടെ സഭയിൽ ബിലെയാമിന്റെ ഉപദേശം ശക്തിപ്പെടും; സഹോദരീസഹോദരന്മാർ പണത്തെ സ്നേഹിക്കുന്നവരായിത്തീരുകയും ചെയ്യും.

എന്നാൽ യേശു പഠിപ്പിച്ചതു നാം പഠിപ്പിക്കണമെങ്കിൽ ഒന്നാമതു നാം തന്നെ പണത്തിന്റെ പിടിയിൽ നിന്നു മോചനം പ്രാപിച്ചവരായിത്തീരണം. കോപത്തിൽ നിന്നോ കണ്മോഹത്തിൽ നിന്നോ വിടുതൽ പ്രാപിക്കുന്നതു പണത്തിന്റെ പിടിയിൽ നിന്നു വിടുതൽ പ്രാപിക്കുന്നതിനെക്കാൾ എളുപ്പമാണ്. നിരന്തര പോരാട്ടത്തിലൂടെ മാത്രമേ ഈ തിന്മയെ ജയിക്കുവാൻ നമുക്കു കഴിവുണ്ടാവുകയുള്ളു.

ദ്രവ്യാഗ്രഹത്തെ സകലവിധ ദോഷത്തിന്റെയും മൂലമായി നാം കണ്ടിട്ടുണ്ടോ? (1 തിമോ.6:10). കോപവും മോഹദൃഷ്ടിയും തിന്മകളാണെന്ന് അംഗീകരിക്കപ്പെട്ടിരിക്കെ ദ്രവ്യസ്നേഹത്തെ ആളുകൾ അപ്രകാരം അംഗീകരിച്ചിട്ടില്ല. തന്മൂലം ഒട്ടധികം പേരും പണത്തിന്റെ അടിമകളായിത്തീർന്നിരിക്കുന്നു. ഇതു മുഖേന അവർ ദൈവത്തെ വെറുക്കുകയും നിന്ദിക്കുകയുമാണ് ചെയ്യുന്നതെന്ന് അവർ ഒട്ടും തന്നെ മനസ്സിലാക്കിയിട്ടില്ല.

ഇൻഡ്യയിലെ പൂർണ്ണസമയസുവിശേഷകപ്രവർത്തകരിൽ ഭൂരിഭാഗവും ബിലെയാമിനെപ്പോലെ പണസ്നേഹത്തിന്റെ അടിമകളാണ്. സമ്പന്നരായ വിശ്വാസികളുടെ ഗൃഹങ്ങളിൽനിന്നു തങ്ങൾക്കു ദാനങ്ങൾ ലഭിക്കുമെന്ന് അറിവുള്ളതിനാൽ

**സമ്പന്നരായ വിശ്വാസികളുടെ ഗൃഹങ്ങളിൽനിന്നു തങ്ങൾക്കു ദാനങ്ങൾ ലഭിക്കുമെന്ന് അറിവുള്ളതിനാൽ അവർ ആ ഭവനങ്ങൾ സന്ദർശിക്കുന്നു. സമ്പന്നരും സ്വാധീനശക്തിയുള്ളവരുമായ ഈ ആളുകളെ ശാസിക്കേണ്ട സന്ദർഭത്തിൽ ഇതുമൂലം അവർക്കു വായ് തുറക്കുവാൻ സാധിക്കാതെ വരുന്നു. തങ്ങൾക്കു ധാരാളം പണം ലഭിക്കുമെന്നു നിശ്ചയമുള്ള സഭകളിലേക്ക് അവർ പ്രസംഗയാത്ര നടത്തുന്നു. ഇത്തരം പ്രസംഗകർക്ക് എങ്ങനെ ദൈവത്തെ സേവിക്കുവാൻ കഴിയും?**

അവർ ആ ഭവനങ്ങൾ സന്ദർശിക്കുന്നു. സമ്പന്നരും സ്വാധീനശക്തിയുള്ളവരുമായ ഈ ആളുകളെ അവരുടെ പാപങ്ങൾക്കുവേണ്ടി ശാസിക്കേണ്ട സന്ദർഭത്തിൽ ഇതുമൂലം അവർക്കു വായ് തുറക്കുവാൻ സാധിക്കാതെ വരുന്നു. തങ്ങൾക്കു സ്തോത്രകാഴ്ചയായി ധാരാളം പണം ലഭിക്കുമെന്നു നിശ്ചയമുള്ള സഭകളിലേക്ക് അവർ പ്രസംഗയാത്ര നടത്തുന്നു. ഇത്തരം പ്രസംഗകർക്ക് എങ്ങനെ ദൈവത്തെ സേവിക്കുവാൻ കഴിയും? അത് അസാധ്യമാണ്. മാമോനെയാണ് അവർ സേവിക്കുന്നത്. രണ്ടു യജമാനന്മാരെ സേവിക്കുവാൻ ആർക്കും സാധ്യമല്ലെന്ന് യേശു പറഞ്ഞിട്ടുണ്ട്.

പുതിയ ഉടമ്പടിയിൻ കീഴിൽ ഒരു ദൈവഭൃത്യനായിത്തീരുവാൻ ആഗ്രഹിക്കുന്നവർക്കു മൂന്ന് അവശ്യയോഗ്യതകളാണ് ഉണ്ടായിരിക്കേണ്ടത്:

1. തന്റെ വ്യക്തിപരമായ ജീവിതത്തിൽ പാപത്തിൽനിന്നു സ്വതന്ത്രനായിരിക്കുക (റോമർ 6:22)

2. മനുഷ്യരെ പ്രസാദിപ്പിക്കാതിരിക്കുക (ഗലാ.1:10)

3. പണത്തെ വെറുക്കുകയും നിന്ദിക്കുകയും ചെയ്യുക (ലൂക്കോ. 16:13)

പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരാകുവാൻ നാം യോഗ്യരോ അയോഗ്യരോ എന്നു നിർണ്ണയം വരുത്തുവാൻ ഈ മൂന്നു മേഖലകളിലും നാം നമ്മെത്തന്നെ ശോധനചെയ്യണം.

നാം ദൈവത്തിനു പ്രയോജനമുള്ളവരായിത്തീരണമെങ്കിൽ പണത്തിനും ഭൗതികവസ്തുക്കൾക്കും നമ്മുടെ ജീവിത്തിന്റെമേൽ യാതൊരു സ്വാധീനവും ഉണ്ടായിരിക്കരുത്.

മാത്രമല്ല, ദാനങ്ങൾ സ്വീകരിക്കുന്നതിനെ നാം വെറുക്കുകയും ചെയ്യണം. കാരണം, വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതിലാണ് അധികം അനുഗ്രഹം അടങ്ങിയിട്ടുള്ളതെന്ന് യേശു പറഞ്ഞിട്ടുണ്ട് (അപ്പോ. 20:35).

നമ്മുടെ ജീവിതങ്ങളിൽ പണത്തിന്റെ നീരാളിപ്പിടിത്തത്തിൽനിന്നു നാം ബലം പ്രയോഗിച്ചു നമ്മെത്തന്നെ സ്വതന്ത്രരാക്കുന്നില്ലെങ്കിൽ ദൈവത്തെ സ്നേഹിക്കേണ്ടതുപോലെ സ്നേഹിക്കുവാനോ സേവിക്കേണ്ടതുപോലെ സേവിക്കുവാനോ ഒരിക്കലും നമുക്കു കഴിവുണ്ടാവുകയില്ല. മറ്റുള്ളവരെ ദൈവത്തെ സ്നേഹിക്കുന്നവരാക്കിത്തീർക്കുവാനും നമുക്കു സാധ്യമല്ല. ബിലെയാമിന്റെ ഉപദേശത്തിൽനിന്ന് അവരെ വിടുവിക്കാനും നാം പ്രാപ്തരാവുകയില്ല.


(തുടരും)

വചനദീപം

## വിശുദ്ധജീവിതം–26

# വിശുദ്ധീകരണവും പ്രതിഷ്ഠയും

**സാമുവൽലോഗൻ ബ്രെങ്കിൾ**



**വി**ശുദ്ധീകരണവും പ്രതിഷ്ഠയും– ഈ രണ്ടു പദങ്ങൾ ചിലർ ഒരേ ആർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. എന്നാൽ എന്റെ അഭിപ്രായം പറയുകയാണെങ്കിൽ ഒന്ന് ദൈവം ചെയ്യുന്ന പ്രവൃത്തിയും മറ്റേത് മനുഷ്യൻ ചെയ്യുന്നതുമാണ്. ഇക്കാര്യം തെറ്റിദ്ധരിച്ചിരിക്കുന്ന അനേകരുമുണ്ട്. അവർ പ്രതിഷ്ഠകൊണ്ട് തൃപ്തിപ്പെടുകയും അതിൽ പ്രശംസിക്കുകയും ചെയ്യുന്നു. അവരിലുള്ള ലോകസ്നേഹവും ലോകമയത്വവും ഇപ്പോഴുമുണ്ട്. ആഡംബരത്തോടുള്ള ആസക്തി അവർക്കു കുറഞ്ഞിട്ടില്ല. അവരുടെ വസ്ത്രധാരണരീതി പോലും ദൈവമക്കളുടെ വിശുദ്ധജീവിതത്തിന് ചേർന്നതല്ല. എന്നാൽ അവർ സമ്പൂർണ്ണമായി പ്രതിഷ്ഠിച്ചവരാണ് എന്ന് തൃപ്തിപ്പെടുന്നുമുണ്ട്.

അവരുടെ പ്രതിഷ്ഠാജീവിതത്തിൽ അവരെ ഞാൻ നിരുത്സാഹപ്പെടുത്തുന്നില്ല. എന്നാൽ സാധാരണയായി പ്രതിഷ്ഠ എന്ന് പറഞ്ഞുകൾക്കുന്നതെല്ലാം തന്നെ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തിയാണ് എന്നും സമ്പൂർണ്ണമായ രക്ഷയ്ക്ക് അതു മതിയായതല്ല എന്നും പറയുവാൻ എനിക്ക് താല്പര്യമുണ്ട്. ഏലിയാവ് കർമ്മേൽപർവ്വതത്തിൽ കാളയെ അറുത്ത് യാഗപീഠത്തിന്മേൽ വച്ചു. അതിന്മേൽ വെള്ളവും ഒഴിച്ചു. അതാണു പ്രതിഷ്ഠ. ബാലിന്റെ പ്രവാചകന്മാരും അപ്രകാരമെല്ലാം ചെയ്തു. അവർ യാഗത്തിന്മേൽ വെള്ളം ഒഴിച്ചില്ല എന്ന് ഒരു വ്യത്യാസമേ ഉള്ളു. അവർ യാഗപീഠം ഉണ്ടാക്കി. കാളയെ അറുത്തു. രാവിലെ മുതൽ വൈകുന്നേരം വരെ തീക്ഷ്ണതയോടെ സകലവും ചെയ്തു. ഏലിയാവിനെക്കാൾ അവർക്കായിരുന്നു തീക്ഷ്ണത എന്ന്, കാണുന്നവർക്ക് തോന്നിപ്പോകുവാൻ ഇടയുണ്ട്. എന്നാൽ ഏലിയാവ് തന്റെ യാഗത്തിന്മേൽ വെള്ളം

ദൈവത്തിനായി കാത്തിരിക്കുമ്പോഴാണ് നമ്മുടെ അയോഗ്യതയും ഒന്നുമില്ലായ്മയും നമുക്ക് മനസ്സിലാകുന്നത്. നമ്മിൽ ഉണ്ടെന്നു തോന്നുന്നതെല്ലാം ഇല്ലാതാകുന്നതുവരെ നാം കാത്തിരിക്കേണ്ടതാണ്. ദൈവസന്നിധിയിൽ ഇരുന്ന് ഹൃദയത്തെ ആഴമായി പരിശോധിക്കുന്നതിനും ദൈവസന്നിധിയിൽ തങ്ങളെത്തന്നെ ഓരോ കാര്യത്തിലും വിനയപ്പെടുത്തുന്നതിനും അനേകർക്കും ക്ഷമയും സഹിഷ്ണുതയും സന്നദ്ധതയുമില്ല.

ഒഴിച്ചു. അതു വിശ്വാസത്തിന്റെ ഒരു പ്രവൃത്തിയായിരുന്നു എന്നു പറയാം. അതുകൊണ്ട് ഏലിയാവ് മതിയാക്കിയിരുന്നു എങ്കിൽ ലോകം ഏലിയാവിനെക്കുറിച്ച് കേൾക്കയില്ലായിരുന്നു. എന്നാൽ ദൈവം തനിക്ക് ഉത്തരമരുളും എന്ന് അവൻ ദൈവത്തിൽ വിശ്വസിച്ചു. അവർ പ്രതീക്ഷയോടുകൂടെ പ്രാർത്ഥിച്ചു. ദൈവം ഏലിയാവിന്റെ വിശ്വാസത്തിന്റെ മറുപടിയായി സ്വർഗ്ഗം തുറന്ന് അവന്റെ യാഗപീഠത്തിലെ വിറകിനെയും, കല്ലുകളെയും അവിടെയുണ്ടായിരുന്ന വെള്ളത്തെയും ദഹിപ്പിച്ചുകളഞ്ഞു. ഇതാണു വിശുദ്ധീകരണം. ഒരു കാളയുടെ മാംസത്തിനോ യാഗപീഠത്തിനോ ദൈവത്തെ മഹത്വപ്പെടുത്തുന്നതിന് എങ്ങനെ കഴിയും? എന്നാൽ സ്വർഗ്ഗത്തിൽനിന്നുള്ള അഗ്നിയാൽ അത് കത്തി എരിയുമ്പോഴാണു ജനങ്ങൾകവിണു വീണുകൊണ്ട് ''യഹോവയാണ് ദൈവം, യഹോവയാണ് ദൈവം'' എന്നു വിളിച്ചുപറയുന്നത്.

അതിനാൽ പ്രതിഷ്ഠകൊണ്ട് ദൈവം എങ്ങനെ മഹത്വപ്പെടും? അവിശ്വാസമുള്ള തലമുറയെ ദൈവത്തിങ്കലേക്ക് നടത്തുവാൻ പ്രതിഷ്ഠ മാത്രം മതിയാകുന്നതല്ല. "എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പച്ചാലും സ്നേഹമില്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല" (1കൊരി.13:3). മനുഷ്യനിൽ വസിച്ചുകൊണ്ട് ദൈവമഹത്വത്തിനായി ജീവിപ്പാൻ അവനെ ശക്തീകരിക്കുകയും നഷ്ടപ്പെട്ട ലോകത്തെ രക്ഷിപ്പാൻ അവനെ ഉപയോഗിക്കുകയും ചെയ്യുന്നത് ദൈവമാണ്.

അതിനാൽ വിശുദ്ധീകരണത്തിന്റെ അനുഭവമുള്ളവരെയാണ് ദൈവത്തിന് ആവശ്യം. അവർ സമ്പൂർണ്ണമായി സമർപ്പിച്ചവർ ആണ്. എന്നാൽ സമ്പൂർണ്ണ സമർപ്പണം വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്ക് നടത്തുക മാത്രമാണ് ചെയ്യുന്നത്. അവർ തങ്ങളെയും, തങ്ങളുടെ സകലത്തെയും, ബുദ്ധിയെയും ഇച്ഛാശക്തിയെയും, കൈകൾ, കാലുകൾ, അധരങ്ങൾ, എന്നീ പ്രകാരം സകല അവയവങ്ങളെയും വിശ്വാസികളുടെയും അവിശ്വാസികളുടെയും ഇടയിൽ അവർക്കുള്ള കീർത്തിയെയും അവരുടെ ഭയങ്ങളെയും, സംശയങ്ങളെയും, അവരുടെ ഹിതങ്ങളെയും, അഹിതങ്ങളെയും, ദൈവം അവരുടെ പ്രതിഷ്ഠയെ പരിശോധിക്കുമ്പോൾ പിറുപിറുക്കുകയും, ഞരങ്ങുകയും, ചോദ്യംചെയ്യുകയും ചെയ്യുന്ന മനോഭാവത്തെയും എല്ലാം സമ്പൂർണ്ണമായി യാഗപീഠത്തിൽ വച്ച

തിന്റെശേഷം ദൈവം പരിശുദ്ധാത്മാവിനാലും അഗ്നിയാലും തങ്ങളെ അഭിഷേകം ചെയ്യുന്നതുവരെ വിനയത്തോടെ എങ്കിലും ബഹുനിശ്ചയത്തോടും വിശ്വാസത്തോടുംകൂടെ പ്രാർത്ഥിച്ച് ദൈവത്തിനായി കാത്തിരിക്കേണ്ടതാണ്. ദൈവം അത് ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അവൻ അപ്രകാരം ചെയ്യുകയും ചെയ്യും. എന്നാൽ നാം വിശ്വാസത്തോടുകൂടി അതിനായി പ്രാർത്ഥിക്കുകയും കാത്തിരിക്കുകയും ചെയ്യേണ്ടതാണ്.

ഞങ്ങളുടെ യോഗങ്ങളിൽ സംബന്ധിച്ചുകൊണ്ടിരുന്ന ഒരു സുവിശേഷവേലക്കാരൻ ഒരു രാത്രിയിൽ യോഗത്തിനുശേഷം തന്റെ വീട്ടിൽ ചെന്ന് മുട്ടിന്മേൽ വീണു. "കർത്താവേ, നിന്റെ ആത്മാവിനാൽ എന്ന നിറയ്ക്കുന്നതുവരെ ഞാൻ ഇവിടെ നിന്നും എഴുന്നേല്ക്കയില്ല" എന്ന് അവൻ പറഞ്ഞു. അവന്റെ പ്രതിഷ്ഠയെ മാത്രമല്ല, അവൻ കാര്യം സാധിക്കാതെ പിൻതിരിയുകയില്ല എന്നുള്ള നിശ്ചയത്തെയും ദൈവം കണ്ടു. തന്റെ ആത്മാവിനാൽ അപ്പോൾ തന്നെ ദൈവം അവനെ നിറെച്ചു. എന്നാൽ വേറെ ഒരു സഹോദരൻ തനിക്ക് ലഭിക്കുന്ന അവസരങ്ങളെല്ലാം ദൈവസന്നിധിയിൽ ഇരുന്നുകൊണ്ട് പ്രാർത്ഥിക്കുവാൻ തുടങ്ങി. മൂന്ന് ആഴ്ചകൾ അവൻ അപ്രകാരം ചെയ്തു. പ്രാർത്ഥനയിൽ മടുത്തുപോയില്ല. വിശ്വാസത്തോടുകൂടെ അവൻ ദൈവത്തെ മുറുകെ പിടിച്ചു. ദൈവം അവനെയും തന്റെ ആത്മാവിനാൽ നിറച്ചു. ചില നാളുകൾക്കുശേഷം ഞാൻ ആ സഹോദരനെ കണ്ടു. പ്രവാചകന്മാരുടെ ആത്മാവിനാൽ ദൈവം അവനെ അനുഗ്രഹിച്ചു എന്ന് ഞാൻ കണ്ടു. സ്വർഗ്ഗത്തിലുള്ള സകല നിക്ഷേപങ്ങളും അവയെ അവകാശമാക്കുന്നവർക്കുള്ളതാണ്.

ദൈവത്തിനായി കാത്തിരിക്കുന്നത് ലഘുവായ കാര്യമല്ല. പലവിധമായ പ്രവർത്തനങ്ങൾ ചെയ്യുന്നത് പ്രയാസം കുറഞ്ഞ ഒരുകാര്യമാണ്. എന്നാൽ ഫലശൂന്യമായ പ്രവർത്തനത്തിനുവേണ്ടി സമയവും ശക്തിയും ഉപയോഗപ്പെടുത്തുന്നതുകൊണ്ട് എന്താണ് പ്രയോജനം! ദൈവം തന്റെ ശക്തിയുടെ ആത്മാവിനാൽ നിന്നെ നിറയ്ക്കുന്നതുവരെ അവനായി കാത്തിരിക്കുന്നതത്രെ ഏറ്റവും ആവശ്യം. അത് നിനക്ക് അമാനുഷികമായ ശക്തിയും ധൈര്യവും തരികയും ആത്മശക്തിയില്ലാതെ ആയിരംവർഷം പ്രവർത്തിക്കുന്നതിൽനിന്നുള്ള ഫലത്തെക്കാൾ ആത്മശക്തിയോടുകൂടിയ ഒരു ദിവസത്തെ പ്രവർത്തനംഫലം തരികയും ചെയ്യും. ദൈവത്തിന്റെ ആത്മാവ് നിന്നെ ഉപയോഗിക്കുമ്പോൾ നിനക്ക് പ്രശംസിപ്പാൻ വകയില്ലല്ലോ.

ദൈവത്തിനായി കാത്തിരിക്കുമ്പോഴാണ് നമ്മുടെ അയോഗ്യതയും ഒന്നുമില്ലായ്മയും നമുക്ക് മനസ്സിലാകുന്നത്. നമ്മിൽ ഉണ്ടെന്നു തോന്നുന്നതെല്ലാം ഇല്ലാതാകുന്നതുവരെ നാം കാത്തിരിക്കേണ്ടതാണ്. ഇപ്രകാരം കാത്തിരിക്കാൻ കഴിയാത്തതിനാലത്രെ അനേകരും നിറയാതെയിരിക്കുന്നത്. ദൈവസന്നിധിയിൽ ഇരുന്ന് ഹൃദയത്തെ ആഴമായി പരിശോധിക്കുന്നതിനും ദൈവസന്നിധിയിൽ തങ്ങളെത്തന്നെ ഓരോ കാര്യത്തിലും വിനയപ്പെടുത്തുന്നതിനും അനേകർക്കും ക്ഷമയും സഹിഷ്ണുതയും സന്നദ്ധതയുമില്ല.

**ദൈവത്തിന് നമുക്ക് തരാനുള്ളത് മുഴുവനും പ്രാപിക്കുന്ന ശിശുതുല്യമായ വിശ്വാസവും, നമ്മെ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുന്ന സംപൂർണ്ണസ്നേഹവുമാണ് വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ വന്നുചേർന്നിട്ടുള്ള വിശ്വാസിയുടെ ലക്ഷണങ്ങൾ. ഇത് ആത്മികമായി തണുത്തുപോകുന്ന അനുഭവത്തിൽ നിന്നും, ഭയത്തിന്റെ അടിമത്വത്തിൽനിന്നും നമ്മെരക്ഷിക്കും. സമൃദ്ധിയായ ജീവനും ആഴമായ സമാധാനവും നമുക്ക് നല്കും. വിജയത്തിൽ പ്രശംസിക്കുകയോ, കഷ്ടത്തിൽ നിരാശപ്പെടുകയോ ചെയ്യാതെ ഈ അനുഭവം നമ്മെ നടത്തും**

അപ്രകാരം കാത്തിരിക്കുമ്പോൾ ശത്രു നമ്മുടെ വിശ്വാസത്തെ ശക്തിയായി പരിശോധിക്കും. ‘നിന്റെ ദൈവം എവിടെ’ എന്ന് പലപ്പോഴും അവൻ നമ്മോടു ചോദിക്കും.

“ഉയരത്തിൽനിന്നുള്ള ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ” എന്ന് കർത്താവ് തന്റെ ശിഷ്യന്മാരോടു കല്പിച്ചിരുന്നു (ലൂക്കൊ. 24:49). തിടുക്കത്തോടുകൂടെ വേല ചെയ്യുന്നതിന് ആഗ്രഹിക്കുന്നവനായ പത്രോസിന് അത് ഏറ്റവും പ്രയാസമേറിയകാര്യം ആയിരുന്നു എന്നുള്ളതിന് സംശയമില്ല. എന്നാൽ അവനും മറ്റുള്ളവരോടുചേർന്ന് കാത്തിരുന്നു. അവർ അധികാരികളുടെ ഭീഷണിയേയും ഭയത്തെയും മറന്നു. എന്നുമാത്രമല്ല, അന്യോന്യമുണ്ടായിരുന്ന അസൂയയും പകയും അവരിൽനിന്ന് മാഞ്ഞുപോയി. അവർ ഐക്യതയും ഏകമനസ്സും ഉള്ളവരായിത്തീർന്നു. ദൈവത്തിനായുള്ള വാഞ്ഛ അവരിൽ വർദ്ധിച്ചു. ദൈവം ശക്തിയോടുകൂടെ അവരിൽ വരികയും അവരെ ശുദ്ധീകരിച്ച് അവരിൽ വസിക്കുകയും ചെയ്തു. ഈ അനുഭവം ലഭിച്ചപ്പോൾ മുതൽ ശത്രുക്കളുടെ മുമ്പിൽ ധൈര്യമുള്ളവരും വിജയത്തിന്റെ മുമ്പിൽ താഴ്മയുള്ളവരും അഗ്നിപരിശോധനയുടെ നടുവിൽ ഇളകാത്തവരും ഏകാന്തതയുടെയും തെറ്റിദ്ധാരണയുടെയും മുമ്പിൽ സന്തോഷിക്കുന്നവരും മരണത്തിന്റെ മുമ്പിൽ ഭയമില്ലാത്തവരും ആയി നില്പാൻ അവർക്ക് ശക്തിലഭിച്ചു. ആത്മാക്കളെ ആദായപ്പെടുത്തുവാൻ ദൈവം അവരെ പ്രാപ്തരാക്കി. ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ എന്ന് മറ്റുള്ളവർ അവരെക്കുറിച്ച് സാക്ഷ്യം പറഞ്ഞു.

അതിനാൽ നമ്മെ സമ്പൂർണ്ണമായി ദൈവത്തിന് പ്രതിഷ്ഠിക്കുന്നത് മാത്രമല്ല, ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതും കൂടെയത്രെ ശുദ്ധീകരണം എന്നുള്ളതാണ് അനുഭവത്തിൽനിന്ന് നാം മനസ്സിലാക്കേണ്ടത്. ആത്മനിറവിനുവേണ്ടി ദൈവന്നിധിയിൽ കാത്തിരുന്നിട്ട് ദൈവത്തിന്റെ ആത്മാവിനെ ഉടനെ നാം പ്രാപിക്കാതെവന്നാൽ ഈ അനുഭവം നമുക്കുള്ളതല്ല എന്ന് നാം പറയരുത്. എന്നാൽ നാം തുടർന്നു പ്രാർത്ഥിക്കുകയും ദൈവവചനത്തെ ആരായുകയും നമ്മുടെ ഹൃദയത്തെ പരിശോധിക്കുകയും ചെയ്യേണ്ടതാണ്. ‘നിന്റെ വിശ്വാസം വലിയത്. നിന്റെ വിശ്വാസംപോലെ നിനക്ക് ഭവിക്കട്ടെ’’ എന്ന് കർത്താവ് നമ്മോടു പറയുകയും തന്റെ ആത്മാ

വിനാൽ നമ്മെ നിറയ്ക്കുകയും ചെയ്യുന്നതുവരെ നാം മടുത്തുപോകാതെ പ്രാർത്ഥിക്കേണ്ടതാണ്.

ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കുന്നത് അവന് പ്രസാദകരമത്രേ. നാം ഏറ്റവും അല്പമായി മാത്രം ചോദിക്കുകയും ദൈവത്തെ മുട്ടിച്ച് നിർബന്ധിക്കുകയും ചെയ്യാത്തത് ദൈവത്തിന് ദുഃഖകരമാണ്. സുറോഫോയ്നിക്യക്കാരിയായ സ്ത്രീ യേശുവിന്റെ അടുക്കൽവന്ന് അവളുടെ മകൾക്ക് ഭൂതബാധയുണ്ട് എന്നും അവളെ സൗഖ്യമാക്കേണമേ എന്നും അപേക്ഷിച്ചു. അവളുടെ വിശ്വാസം കണ്ട് വിശ്വാസികളായ നാം ലജ്ജിക്കേണ്ടതാണ്. യേശു അവളോട് ഒരു മറുപടിയും പറഞ്ഞില്ല. ഇത് പലപ്പോഴും നമുക്ക് ലഭിക്കുന്ന അനുഭവമാണ്. നാം പ്രാർത്ഥിക്കുന്നുണ്ട്; എന്നാൽ ദൈവം മിണ്ടാതെയിരിക്കുന്നു. അവൾ തുടർന്ന് അപേക്ഷിച്ചപ്പോൾ യിസ്രായേൽഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കാണ് താൻ വന്നിരിക്കുന്നതെന്ന് പറഞ്ഞ് അവളെ തിരിച്ചയക്കാൻ ശ്രമിച്ചു. എന്നാൽ അവളുടെ വിശ്വാസം വർദ്ധിച്ചു. അപ്പോഴത്രെ ''മക്കളുടെ അപ്പം എടുത്ത് നായ്ക്കൾക്ക് കൊടുക്കുന്നത് യോഗ്യമല്ല" എന്നു താൻ പറഞ്ഞത്. അവളെ ഒരു നായെപ്പോലെ താൻ കണക്കാക്കി എന്നു പറഞ്ഞ് അവൾ കോപത്തോടെ തിരികെ പോകാമായിരുന്നു. എന്നാൽ അവളിലുള്ള വിശ്വാസം ഏറ്റവും വളർന്നു. ''നായ്ക്കളും മക്കളുടെ മേശയിൽനിന്ന് പൊഴിയുന്ന കഷണങ്ങൾക്കൊണ്ട് തൃപ്തിപ്പെടുന്നുണ്ടല്ലോ" എന്ന് അവൾ വാദിച്ചു. അവളുടെ വിശ്വാസത്തെ കർത്താവ് അഭിനന്ദിച്ചു. കർത്താവ് അവളെ അനുഗ്രഹിപ്പാൻ മനസ്സില്ലാത്തവനല്ല. എന്നാൽ താൻ അവളുടെ വിശ്വാസത്തെ പരിശോധിക്കുക മാത്രമാണ് ചെയ്തത്.

ദൈവത്തിനായി പ്രതിഷ്ഠിച്ച ആളുകളിൽ രണ്ടുതരത്തിലുള്ളവരുണ്ട്. വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ വന്നിട്ടുള്ളവരെ സന്തോഷമുള്ളവരായി കാണുന്നതിനാൽ ഈ സന്തോഷം ലഭിക്കുന്നതിനുവേണ്ടി തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചാൽ സാധിക്കുമെന്ന് കരുതി തങ്ങൾ ചെയ്യുന്ന ക്രിയകളാൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നവരാണ് ഒരു കൂട്ടർ. അവർ വിശുദ്ധീകരണത്തിന്റെ അനുഭവത്തെയല്ല സന്തോഷത്തെയത്രെ അന്വേഷിക്കുന്നത്. തങ്ങളുടെ ഹൃദയത്തിൽ ഉള്ള ജഡികസ്വഭാവത്തിന്മേൽ ജയം ലഭിക്കേണ്ടതിനുവേണ്ടി ദൈവത്തിന്റെ അടുക്കൽ ചെന്ന് വിശുദ്ധീകരണത്തിനായി യാചിക്കുന്നവർക്കാണ് ഈ അനുഗ്രഹം ലഭിക്കുന്നത്. "നീതിക്ക് വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് തൃപ്തി വരും" (മത്താ. 5:6).

ത്യാഗം ചെയ്യുകയും തങ്ങളെത്തന്നെ വെറുക്കുകയും ചെയ്യുന്നവരാണ് രണ്ടാമത്തെകൂട്ടർ. തങ്ങളെത്തന്നെ വെറുക്കുകയും ത്യാഗം ചെയ്യുകയും ചെയ്യുന്നതിനാൽ ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് ഇവർ കരുതുന്നു. ഇവർ ബാലിന്റെ പ്രവാചകന്മാരെപ്പോലെയുള്ളവരാണ്. ദൈവത്തിനുവേണ്ടി അവർ പ്രവർത്തിക്കുന്നതും ഈ ഉദ്ദേശ്യത്തോടുകൂടെയത്രെ. അവർ ദൈവത്തിനുവേണ്ടി സഹിക്കുന്ന കഷ്ടത്തിന്റെ അളവനുസരിച്ചാണ് ദൈവം അവരിൽ പ്രസാദിക്കുന്നത് എ

# ദാഹം

'ചിലർക്കു പണത്തോടായിരിക്കാം താൽപര്യം. മറ്റു ചിലർക്കു പേരിനും പ്രശസ്തിയോടും. എനിക്കു രണ്ടാമതു പറഞ്ഞതിനോടായിരുന്നു താൽപര്യം'.- ഒരു ചെറിയ സദസ്സിൽ അദ്ദേഹം തന്റെ ജീവിതത്തിലുണ്ടായ വഴിത്തിരിവിന്റെ കഥ പറഞ്ഞു തുടങ്ങുകയായിരുന്നു. അദ്ദേഹം പലർക്കും ഒരദ്ഭുതമാണ്. ഒരു മാധ്യമസ്ഥാപനത്തിന്റെ പത്രാധിപസമിതിയിൽ ജോലിനോക്കുന്ന ഒരാൾ. അവിടെ ഓരോരുത്തരും മറ്റൊരാളെക്കാൾ മുന്നിലെത്താനുള്ള മൽസരയോട്ടത്തിലാണ്. ഓരോരുത്തരും താനാണു കേമൻ എന്നു വരുത്തിത്തീർക്കാനുള്ള ശ്രമത്തിലാണ്. ഈ 'മൂഷികയോട്ട'ത്തിൽ നിന്ന് അദ്ദേഹം മാത്രം മാറി നിന്നു. തന്നെ തേടിയെത്തിയ ചില അവസരങ്ങൾ പോലും മന:സാക്ഷിയുടെ പേരിൽ വേണ്ടെന്നു വച്ചു. ഒന്നിനെക്കുറിച്ചും ഒരു പരാതിയില്ലാതെ നിശ്ശബ്ദം തന്റെ ജോലി ചെയ്തു പോകുന്നു. എന്തുകൊണ്ടാണ് ഇദ്ദേഹം തനിക്കു വച്ചു നീട്ടിയ അവസരങ്ങൾ പോലും വേണ്ടെന്നു വച്ചു താരതമ്യേന അപ്രധാനമായ ഒരിടത്തിൽ ഒതുങ്ങിക്കൂടി

ന്നത്രെ അവർ ചിന്തിക്കുന്നത്. എന്നാൽ അവരിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവാണ് ജീവിതത്തിൽ സന്തോഷം നല്കുന്നത് എന്നും പരിശുദ്ധാത്മാവ് അവരിൽ വസിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോഴാണ് കർത്താവിന്റെ നുകം ലഘുവായിത്തീരുന്നത് എന്നും അവർ അറിയുന്നില്ല.

ത്യാഗവും, ദൈവത്തിനുവേണ്ടിയുള്ള ശുശ്രൂഷകളും വിശുദ്ധീകരണം ലഭിച്ചവരായ വിശ്വാസികളിൽ ഉണ്ട്. എന്നാൽ അവർ വിശുദ്ധീകരിക്കപ്പെട്ടതിന്റെ ഫലമായി അവരിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ത്യാഗം ചെയ്യുന്നതിനും കഷ്ടത സഹിക്കുന്നതിനും എല്ലാം സന്തോഷം എന്ന് എണ്ണുന്നതിനും അവരെ ശക്തരാക്കിത്തീർക്കുകയത്രെ. വിശുദ്ധീകരിക്കുന്ന വിശ്വാസമാണ് ആവശ്യം. ഈ വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ നാം വരണമെന്നുള്ളത് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നു. ദൈവത്തിന് നമുക്ക് തരാനുള്ളത് മുഴുവനും പ്രാപിക്കുന്ന ശിശുതുല്യമായ വിശ്വാസവും, നമ്മെ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുന്ന സംപൂർണ്ണസ്നേഹവുമാണ് വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ വന്നുചേർന്നിട്ടുള്ള വിശ്വാസിയുടെ ലക്ഷണങ്ങൾ. ഇത് ആത്മികമായി തണുത്തുപോകുന്ന അനുഭവത്തിൽ നിന്നും, ഭയത്തിന്റെ അടിമത്വത്തിൽനിന്നും നമ്മെരക്ഷിക്കും. സമൃദ്ധിയായ ജീവനും ആഴമായ സമാധാനവും നമുക്ക് നല്കും. വിജയത്തിൽ പ്രശംസിക്കുകയോ, കഷ്ടത്തിൽ നിരാശപ്പെടുകയോ ചെയ്യാതെ ഈ അനുഭവം നമ്മെ നടത്തും. ദൈവം തന്റെ സ്നേഹത്തിൽ വാഗ്ദാനം ചെയ്തിട്ടുള്ള വാഗ്ദത്തങ്ങളെ നിറവേറ്റേണ്ടതിന് അവനിൽ ആശ്രയിച്ചുകൊണ്ട് വിശ്വാസത്തിൽ നടക്കാൻ നമ്മെ ശക്തീകരിക്കും.

(തുടരും)

യത്? പലരുടെയും മനസ്സിലുണ്ടായിരുന്ന ആ ചോദ്യത്തിന്റെ മറുപടിയായാണ് അദ്ദേഹം തന്റെ ആത്മകഥയുടെ ഒരേടു തുറന്നു കാണിക്കാൻ തയ്യാറായത്. അദ്ദേഹം ഒരു കഥപോലെ ആ സംഭവങ്ങൾ ഇങ്ങനെ വിവരിച്ചു:

വിദ്യാഭ്യാസത്തിനുശേഷം മറ്റു സാധ്യതകൾ തള്ളിക്കളഞ്ഞ് നന്നെ ചെറുപ്പത്തിൽ മാധ്യമസ്ഥാപനത്തിൽ ജോലിക്കു കയറിയതു തന്നെ വേഗത്തിൽ പേരു നേടാമല്ലോ എന്ന ആഗ്രഹത്തോടെയാണ്. തുടക്കത്തിൽ ചില അംഗീകാരങ്ങൾ ലഭിക്കുക കൂടി ചെയ്തപ്പോൾ കൂടുതൽ ഉൽസാഹമായി. അങ്ങനെ പോകുമ്പോഴാണു ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടത്. വാർത്തയോടൊ ഫീച്ചറിനോടൊ ഒപ്പം പേര് അച്ചടിച്ചു വരുന്നതു കാണാൻ ഒരു സുഖമുണ്ട്. എന്നാൽ ആ പ്രശസ്തിക്ക് ഒരു ദിവസത്തെ ആയുസ്സേയുള്ളു. പിറ്റേന്നു വേറൊരു വാർത്തയിൽ മറ്റൊരാളുടെ 'ബൈലൈൻ' വരുന്നതോടെ തലേന്നത്തെ വാർത്തയും ബൈലൈനും അപ്രസക്തമായി....

ചെറുപ്പക്കാരന്റെ ഈ ഖിന്നതയ്ക്ക് ഒരു പോംവഴി നിർദ്ദേശിച്ചതു സ്ഥാപനത്തിലെ സാഹിത്യമാസികയുടെ എഡിറ്ററും അന്നു മലയാളത്തിലെ പ്രശസ്തനായ നിരൂപകനുമായിരുന്ന മാന്യദേഹമാണ്. അദ്ദേഹം ചെറുപ്പക്കാരനെ ഉപദേശിച്ചു: 'സാഹിത്യമാണു നിലനിൽക്കുന്നത്. കാലത്തെ അതിജീവിക്കുന്നത്. അനശ്വരമായത്. നീ സാഹിത്യരംഗത്ത് ഒരു പേരു നേടുവാൻ ശ്രമിക്കുക. ഉദാഹരണത്തിന് എന്നെ നോക്ക്. 40 വയസ്സുവരെ പണം ഉണ്ടാക്കാനുള്ള നെട്ടോട്ടത്തിലായിരുന്നു ഞാൻ. 40 വയസ്സായതോടെ നല്ലൊരു സാമ്പത്തിക അടിത്തറയായി. പിന്നേയും കൂടുതൽ പണം ഉണ്ടാക്കിയിട്ടു കാര്യമില്ലെന്നു തോന്നി. ഇനി പ്രശസ്തിയാണു വേണ്ടത്. അതിനു നല്ലതു സാഹിത്യരംഗത്തേക്കു തിരിയുകയാണെന്നു തോന്നി. പക്ഷേ 40 വയസ്സുവരെ ഒരക്ഷരം എഴുതിയിട്ടില്ല. അതുകൊണ്ടു തന്നെ സർഗാത്മക സാഹിത്യം ഇനി വഴങ്ങുമെന്നു തോന്നിയില്ല. പിന്നെ സാഹിത്യ വിമർശന രംഗത്തേക്കു തിരിഞ്ഞു. ചില വർഷങ്ങൾ കഷ്ടപ്പെട്ടിരുന്നു വായിച്ചു. വായിക്കുന്നതിന്റെ നോട്ടെടുത്തു. ചെറുതായി എഴുതി തുടങ്ങി. ഇംഗ്ലീഷ് നന്നായി അറിയാവുന്നതും പ്രയോജനപ്പെട്ടു. അവസരങ്ങൾ വന്നു. ഒന്നും നഷ്ടപ്പെടുത്തിയില്ല. ഇപ്പോഴിതാ ആർക്കും അവഗണിക്കാനാവാത്ത പ്രശസ്ത നിരൂപകനും പ്രസംഗകനും. നിനക്കും ശ്രമിച്ചാൽ ഇതുപോലെ ഒക്കെ ആകാൻ കഴിയും'.

സാഹിത്യ നിരൂപകന്റെ വാക്കുകൾ ചെറുപ്പക്കാരനു പ്രചോദനമായി. സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും പത്രപ്രവർത്തനത്തിൽ ബിരുദവും ഉണ്ടായിരുന്ന ചെറുപ്പക്കാരനും ക്രമേണ സാഹിത്യ വിമർശനത്തിന്റെ മേഖലയിൽ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. വേഗത്തിൽ പ്രശസ്തിയിലേക്ക് ഉയർന്നു തുടങ്ങി. ഇടയ്ക്കിടെ തന്റെ ഗോഡ്ഫാദറായ മുതിർന്ന നിരൂപകനെ പോയി കാണും. അദ്ദേഹം ചെറുപ്പക്കാരനെ ഉപദേശിക്കും: 'നോക്ക് നിങ്ങൾ ചെറുപ്പക്കാരുടെ പ്രശ്നം നിങ്ങൾക്കാർക്കും എന്നെപ്പോലെ വാശിയില്ല എന്നതാണ്. എന്നെ നോക്ക്, ഈ പ്രായത്തിലും പ്രശസ്തിയും പേരും നേടാനുള്ള വലിയൊരു തൃഷ്ണ,

മനുഷ്യന്റെ ഉള്ളിൽ ഒരു ശൂന്യതയുണ്ട്. പേരും പണവും സുഖങ്ങളും എന്നു വേണ്ട കിട്ടുന്നതെല്ലാം കൊണ്ടും ആ ശൂന്യത നിക ത്താനാണ് മനുഷ്യൻ ശ്രമിക്കു ന്നത്. പക്ഷേ അവ കൊണ്ടൊന്നും അതു പൂർണ മായി അടയുകയില്ല. കാരണം ആ ശൂന്യത ദൈവത്തിന്റെ ആകൃതിയിലാണ്. ദൈവത്തെ ആ ശൂന്യതയുടെ ഭാഗത്തു പ്രതിഷ്ഠിച്ചാൽ മാത്രമേ അതു പൂർണമായി അടയുകയുള്ളു. ഇതു മനസ്സിലാക്കാത്തതാണ് മനുഷ്യന്റെ അലച്ചിലിന്റെ കാരണം.

അമർത്തിയാലും അടങ്ങാത്ത ഒരു ഏർജ് (urge), എനിക്കുണ്ട്. ആ ലക്ഷ്യം നേടുന്നതിനു ധാർമിക തയോ മനഃസാക്ഷിയോ ഒന്നും എനിക്കു വിലങ്ങു തടിയല്ല. ആളു കളെ സുഖിപ്പിക്കേണ്ടടത്തു സുഖി പ്പിക്കും. പുറം ചൊറിയേണ്ടിടത്തും കാലുപിടിക്കേണ്ടിടത്തും അതു ചെയ്യും. അവാർഡുകളും പുരസ്കാ രങ്ങളും നേടിയെടുക്കും. ആളുകളെ നമ്മുടെ ആവശ്യം കഴിഞ്ഞാൽ കറി വേപ്പില പോലെ കളയാനും എനിക്കു മടിയില്ല. നിനക്കൊന്നും എന്റെ പകുതി വീറും വാശിയും ഇല്ലല്ലോ. കഷ്ടം കഷ്ടം'.

ചെറുപ്പക്കാരൻ ഇതെല്ലാം കേട്ടു കൂടുതൽ വാശിയോടെ തന്റെ ഗുരു പോയ അതേ വഴിയിലൂടെ പോകാൻ തുടങ്ങി. അങ്ങനെയിരിക്കെ, ഒരു ദിവസം ഗുരു ആശുപത്രിയിലായി. പല തിരക്കുകൾക്കിടയിൽ കുറേ ദിവസത്തേക്കു വിവരം ചെറുപ്പക്കാ രൻ അറിഞ്ഞതേയില്ല. ഏകദേശം ഒരു മാസത്തോളം ആയപ്പോഴാണു വിവരം കേട്ടറിഞ്ഞു ചെറുപ്പക്കാരൻ കാണാൻപോയത്. ചെന്നപ്പോൾ ആശുപത്രി കിടക്കയിൽ മസ്തി ഷ്ക്കാഘാതം വന്നു സംസാരിക്കാ നാവാതെ, എഴുന്നേൽക്കാനാകാതെ, കയ്യും കാലും ചലിപ്പിക്കാനാകാതെ തിരിഞ്ഞോ മറിഞ്ഞോ കിടക്കാനാ കാതെ അദ്ദേഹം. മക്കൾക്കു മറ്റ് അത്യാവശ്യങ്ങളുള്ളതിനാൽ ഒരു ഹോം നഴ്സിന്റെ പരിചരണത്തിലാ ക്കിയിരിക്കുകയാണ്. ചെറുപ്പക്കാ രനെ കണ്ടപ്പോൾ മനസ്സിലായ ഭാവം മുഖത്ത്. കണ്ണുകൾ നിറഞ്ഞു. എന്തോ പറയാൻ തുടങ്ങി. വാക്കു കൾ പുറത്തു വന്നില്ല. പകുതി തുറന്ന വായിലൂടെ കൊഴുത്തകഫം പുറത്തേക്കൊഴുകി. ഹോംനഴ്സ് തുവർത്തെടുത്ത് അതൊപ്പി... ചെറു പ്പക്കാരൻ നിറകണ്ണുകളോടെ പുറ ത്തേക്കു നടന്നു.

"നിങ്ങൾക്കു മനസ്സിലായിക്കാണു മല്ലോ. ഈ കഥയിലെ ചെറുപ്പക്കാ രൻ ഞാനാണ്. പേരിനോടും പ്രശ സ്തിയോടുമുള്ള കമ്പം അന്നെ നിക്കു നഷ്ടപ്പെട്ടു. ഈ കഥയിലെ സാഹിത്യനിരൂപകൻ നിങ്ങൾക്കെ ല്ലാം അറിയാവുന്ന—ആണ്. ചില ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം മരിച്ചു. വളരെ വേഗം എല്ലാവരും അദ്ദേഹത്തെ മറന്നു. ഇന്നത്തെ തല മുറയ്ക്ക് അദ്ദേഹത്തിന്റെ പേരു പോലും അറിയില്ല. കാലത്തെ അതിജീവിക്കാൻ തനിക്കു കഴിയു മെന്നും സാഹിത്യലോകത്തു തന്റെ പേര് അനശ്വരമായി നിൽക്കുമെന്നും നിരൂപകൻ കരുതി. എല്ലാം വെറുതെ. പണവും പേരുമെല്ലാം സത്യത്തിൽ നമ്മുടെ ദാഹം ശമിപ്പി ക്കുമോ? ഇതാണ് എന്റെ ജീവിത

ത്തിൽ ഒരു വഴിത്തിരിവിനു കാരണമായത്.'' അദ്ദേഹം പറഞ്ഞു നിർത്തി. ആ ചെറിയ സദസ്സിൽ ഉണ്ടായിരുന്ന ആരും ഒന്നും മിണ്ടിയില്ല. മൊട്ടുസൂചി വീണാൽ കേൾക്കാവുന്ന നിശ്ശബ്ദത. പുറത്തു സന്ധ്യ മെല്ലെ കനക്കുകയായിരുന്നു. സദസ്സു പിരിഞ്ഞു. ഓരോരുത്തരായി പുറത്തെ ഇരുട്ടിലേയ്ക്കു ഊളിയിട്ടു. പരസ്പരം നോക്കാതെ. ഒന്നും ഉരിയാടാതെ.

മെല്ലെ നടക്കുമ്പോൾ 'ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നേയും ദാഹിക്കും' എന്ന ക്രിസ്തു വചനം ഓർത്തുപോയി. ശമര്യ എന്ന സ്ഥലത്തെ പൊതു കിണറ്റിൽ വെള്ളം കോരാൻ എത്തിയ ഒരു സ്ത്രീയോടാണ് യേശു അങ്ങനെ പറഞ്ഞത്. അവളുടെ പേര് യോഹന്നാൻ സുവിശേഷകൻ (നാലാം അധ്യായം) രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അവളുടെ ദാഹത്തെക്കുറിച്ച് സമൃദ്ധമായ സൂചന യോഹന്നാൻ നൽകുന്നുണ്ട്. സ്നേഹത്തിനുവേണ്ടിയുള്ള അലച്ചിലായിരുന്നു അവളുടെ ജീവിതം. അതിനുവേണ്ടി ഒട്ടേറെ വഴി വിട്ട ബന്ധങ്ങളിലൂടെ അവൾക്കു കടന്നു പോകേണ്ടിവന്നു. എന്നാൽ അതൊന്നും അവളുടെ ഹൃദയത്തിന്റെ യഥാർത്ഥ ദാഹം ശമിപ്പിച്ചില്ല. ആ പശ്ചാത്തലത്തിലാണു യേശു അവളോട് 'ഈ വെള്ളം കുടിക്കുന്നവനൊക്കെയും പിന്നേയും ദാഹിക്കും' എന്നു പറഞ്ഞത്. സത്യത്തിൽ പണം, പേര്, സുഖാന്വേഷണങ്ങൾ എന്നിവയെല്ലാം ഉപ്പുവെള്ളംപോലെയാണ്. ഉപ്പുവെള്ളം ദാഹം ശമിപ്പിക്കുകയില്ല. അതു ദാഹം വർദ്ധിപ്പിക്കുകയേയുള്ളൂ. ദാഹം കൂടുമ്പോൾ വീണ്ടും വീണ്ടും പിന്നേയും കുടിക്കാൻ തോന്നും. ദാഹം ഒട്ടു ശമിക്കുകയില്ല.

ശാസ്ത്രജ്ഞനും ചിന്തകനുമായിരുന്ന പാസ്കൽ മനുഷ്യനെക്കുറിച്ചു നടത്തിയിട്ടുള്ള രസകരമായ ഒരു നിരീക്ഷണം ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. മനുഷ്യന്റെ ഉള്ളിൽ ഒരു ശൂന്യതയുണ്ട്. പേരും പണവും സുഖങ്ങളും എന്നുവേണ്ട കിട്ടുന്നതെല്ലാം കൊണ്ടും ആ ശൂന്യത നികത്താനാണ് മനുഷ്യൻ ശ്രമിക്കുന്നത്. പക്ഷേ അവ കൊണ്ടൊന്നും അതു പൂർണമായി അടയുകയില്ല. കാരണം ആ ശൂന്യത ദൈവത്തിന്റെ ആകൃതിയിലാണ്. ദൈവത്തെ ആ ശൂന്യതയുടെ ഭാഗത്തു പ്രതിഷ്ഠിച്ചാൽ മാത്രമേ അതു പൂർണമായി അടയുകയുള്ളു. ഇതു മനസ്സിലാക്കാത്തതാണ് മനുഷ്യന്റെ അലച്ചിലിന്റെ കാരണം. ഒരു യെഹൂദാകവിയുടെ പ്രസിദ്ധമായ കീർത്തനത്തിന്റെ തുടക്കം ഇങ്ങനെ:

'മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ
കാംക്ഷിക്കുന്നതുപോലെ ദൈവമേ,
എന്റെ ആത്മാവു നിന്നോടു
ചേരുവാൻ കാംക്ഷിക്കുന്നു
എന്റെ ആത്മാവു ദൈവത്തിനായി
ജീവനുള്ള ദൈവത്തിനായി തന്നെ
ദാഹിക്കുന്നു; ഞാനെപ്പോൾ അവിടെ,
ദൈവസന്നിധിയിൽ, ചെല്ലാനിടയാകും?'

പാസ്കൽ വിശദീകരിച്ചതും യെഹൂദാകവി പാടിയതുമായ ഇതേ ദാഹമല്ലേ നേരത്തെ പറഞ്ഞ മാധ്യമപ്രവർത്തകനു സ്വന്തം ജീവിതത്തിൽ അനുഭവപ്പെട്ടതും?

❖

# കഴിവിനപ്പുറം പരീക്ഷിക്കപ്പെടുകയില്ല

(കഴിഞ്ഞലക്കം തുടർച്ച)

**ന്യാ**യപ്രമാണത്തിനു ചെയ്യാൻ കഴിയാഞ്ഞത് കൃപയ്ക്കു ചെയ്യാൻ കഴിയും. ഇതാണ് യേശുക്രിസ്തുവിലൂടെ സ്ഥാപിക്കപ്പെട്ട പുതിയ ഉടമ്പടി നമുക്കു നൽകുന്ന സുവാർത്ത. പാപം ക്ഷമിക്കുന്നതിൽ ദൈവം അർഹത ഗണിക്കാതെ കാട്ടുന്ന കാരുണ്യം എന്നതു മാത്രമല്ല ദൈവകൃപയെന്ന വാക്കിന്റെ അർത്ഥം. കൃപയെന്നത് ഇതിലും വിപുലമായ ഒരു ആശയമത്രേ. അത് ദൈവശക്തിയാകുന്നു. 2 കൊരി.12:9-ൽ 'കൃപ'യെ 'ശക്തി'യുടെ പര്യായമായി കാണിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. പരീക്ഷയുടെ സന്ദർഭങ്ങളിൽ നമ്മുടെ സഹായത്തിനെത്തുന്നത് ഈ ശക്തിയാണ് (എബ്രാ. 4:16). ദുർമ്മോഹത്താലോ ദുരാഗ്രഹത്താലോ നമ്മുടെ ഹൃദയം മലിനമായിത്തീരാതിരിക്കുമാറ് കൃപയ്ക്കു നമ്മുടെ ഹൃദയത്തെ ബലപ്പെടുത്തുവാൻ കഴിയും (എബ്രാ.13:9). ഇതാണു പുതിയ ഉടമ്പടി നൽകുന്ന സുവാർത്ത. കൃപയാൽ ദൈവം തന്റെ നിയമങ്ങളെ നമ്മുടെ ഹൃദയത്തിലും നമ്മുടെ മനസ്സിലും എഴുതുന്നു (എബ്രാ.8:10). അങ്ങനെ ദൈവത്തിന്റെ തിരുവുള്ളമനുസരിച്ചുള്ള കാര്യങ്ങൾ ഇച്ഛിക്കുവാനും പ്രവർത്തിക്കുവാനും നാം ശക്തരായിത്തീരുന്നു (ഫിലി.2:13). അപ്രകാരം ന്യായപ്രമാണത്തിന്റെ നീതി സംബന്ധിച്ച എല്ലാ കാര്യങ്ങളും നമ്മിൽ ആന്തരികമായി നിറവേറുവാൻ ഇടയാകുന്നു (റോമർ 8:4).

പെന്തക്കോസ്തുനാളിൽ ദൈവം തന്റെ ആത്മാവിനെ പകർന്നതിന്റെ പ്രധാന ഉദ്ദേശ്യം ഇതായിരുന്നു. അന്നു യെരുശലേം നിവാസികളുടെ മേൽ പകരപ്പെട്ടത് 'കൃപയുടെ ആത്മാവാ'യിരുന്നു (സെഖ.12:10). ദൈവസിംഹാസനത്തിങ്കൽനിന്ന് ഒരു വെള്ളച്ചാട്ടംപോലെ ഈ കൃപയുടെ ആത്മാവിന്റെ നദി ഇന്നും ഭൂമിയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ സഭയാകുന്ന സ്വർഗ്ഗീയയെരുശലേമിലെ നിവാസികൾ ഇന്നും ഈ വെള്ളച്ചാട്ടത്തിൻകീഴിൽ വരികയും ദൈവകൃപയാൽ ആർദ്രശരീരരായിത്തീരുകയും ചെയ്യുന്നു. അതുനിമിത്തം റോമർ 6:14-ലുള്ള ദൈവവാഗ്ദാനം അവരിൽ നിറവേറും. “നിങ്ങൾ (ഇപ്പോൾ) ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളുടെമേൽ കർത്തൃത്വം നടത്തുകയില്ലല്ലോ.”

കൃപയുടെ ഈ വെള്ളച്ചാട്ടത്തിനു കീഴിൽ വന്നെത്തുന്നതിന് ഒരൊറ്റ വ്യവസ്ഥമാത്രമേയുള്ളു. നമ്മെ

ത്തന്നെ വിനയപ്പെടുത്തുക എന്നതാണത്. പാപത്തിന്റെ മേൽ മാത്രമല്ല, നമ്മുടെ സാഹചര്യങ്ങളുടേമേലും, നിരാശയും വ്യസനവും നിറഞ്ഞ മനസ്സിന്മേലും, സാത്താന്റെമേലും, മറ്റുള്ളവരോടു കൈപ്പും വിരോധവും അസൂയയും തോന്നുന്ന സ്വഭാവത്തിന്മേലും, ദുർമ്മോഹത്തിന്മേലും, മറ്റെല്ലാ തിന്മകളുടേമേലും നമുക്ക് അധികാരവും ജയവും നൽകുന്നതിന് കൃപയ്ക്കു കഴിയും. "അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പിൻ" (1 പത്രോ. 5:6).

ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ നാം താണിരിക്കണമെന്നാണല്ലോ ഇവിടെ പറഞ്ഞത്. ഈ ബലമുള്ള കൈ ഏതാണ്? അത് നമ്മുടെ പ്രതിദിനജീവിതത്തിൽ നാം കടന്നുപോകേണ്ടിവരുന്ന എല്ലാ സാഹചര്യങ്ങളെയും, അഭിമുഖീകരിക്കേണ്ട എല്ലാവിധ ആളുകളെയും പൂർണ്ണമായി നിയന്ത്രിക്കുന്ന ദൈവകരമാണ്. നമ്മെത്തന്നെ താഴ്ത്തുകയെന്നാൽ നമ്മോടുള്ള ദൈവത്തിന്റെ എല്ലാ ഇടപെടലുകൾക്കും സന്തോഷത്തോടെ കീഴ്പ്പെടുത്തുകയെന്നാണ് അർത്ഥമാക്കേണ്ടത്. സാഹചര്യങ്ങളെയും ആളുകളെയും നമ്മുടെ മീതെ കയറി ഓടുവാൻ ദൈവം ഇടയാക്കുമ്പോൾപോലും നാം അവയിൽ ദൈവിക ഇടപെടലുകൾ കണ്ടെത്തി നമ്മെത്തന്നെ വിനയപ്പെടുത്തുവാൻ ഇടയായിത്തീരും. നമുക്കു നേരിടുന്ന ഒരു പ്രത്യേക സാഹചര്യം നമ്മുടെ സഹനശക്തിക്കപ്പുറമായേക്കുമോ എന്നു നാം ഒരിക്കലും ഭയപ്പെടേണ്ട ആവശ്യമില്ല. കാരണം, നമുക്കു ചുറ്റുമുള്ള വേലിയിലെ വിടവിൽ കാവൽക്കാരനായി ദൈവം നിലകൊള്ളുന്നു. എപ്പോൾ വേലി അടയ്ക്കണമെന്ന് അവിടത്തേക്കു നന്നായിട്ടറിയാം.

അതുകൊണ്ടു നാം പിന്നെയും പാപത്താൽ തോൽപിക്കപ്പെടുന്നുവെങ്കിൽ അതിന് ഒരേയൊരു കാരണം മാത്രമേയുള്ളു-നിഗളം. നമ്മിലുള്ള നിഗളം നിമിത്തം നമുക്കു തന്റെ കൃപ നൽകുവാൻ ദൈവത്തിനു കഴിയാതെ പോയി എന്നതാണ് തോൽവിയുടെ കാരണം. നാം പാപത്തോടു തോൽക്കുന്ന ഓരോ പ്രാവശ്യവും ദൈവത്തോടടുത്തുചെന്ന് ഇപ്രകാരം ചോദിക്കേണ്ടിയിരിക്കുന്നു: "കർത്താവേ, ജയാളിയാകേണ്ടതിനു കൃപ എനിക്കു നൽകുന്നതിൽനിന്ന് അങ്ങയെ തടയുവാൻ പ്രേരകമായി എന്നിലുള്ള നിഗളഭാവം എന്തെന്ന് എനിക്കു കാണിച്ചുതരണമേ.'' ഓരോ വീഴ്ചയുടേയും സന്ദർഭത്തിൽ അതിവേഗം നമ്മെത്തന്നെ വിധിക്കുന്ന സ്വഭാവം നമുക്കുണ്ടെങ്കിൽ, എത്രയും പെട്ടെന്നു വിജയം നമുക്കു സ്വന്തമായിത്തീരുകതന്നെ ചെയ്യും.

പാപത്തിന്മേലുള്ള വിജയമെന്നത്, പുതിയ ഉടമ്പടിയിൻപ്രകാരം നമ്മുടെ ജന്മാവകാശമത്രേ. അജ്ഞതനിമിത്തമോ നിഗളം നിമിത്തമോ, സാത്താൻ അതുനമ്മിൽനിന്ന് അപഹരിക്കുവാൻ ഇടയാക്കരുത്. നിങ്ങൾക്കു വിജയം ലഭിക്കുന്നതിനു കാലവിളംബം ഉണ്ടാകുന്നെങ്കിൽ, നിങ്ങളെ വിനയപ്പെടുത്തുവാൻ ദൈവത്തിനു കൂടുതൽ സമയം വേണ്ടിവരുന്നുവെന്നതിന്റെ സൂചനയാണത്. ആദാമിന്റെ സന്തതികളിൽ നിറഞ്ഞിരിക്കുന്ന കഠിനമായ ആത്മവിശ്വാസത്തെ (സ്വന്തശക്തിയിലുള്ള വിശ്വാസം) തകർക്കുവാൻ ദൈവം

*(ശേഷം പേജ് 27 ൽ)*





*ബൈബിളിലൂടെ........*

**എബ്രായലേഖനം**

# യേശു പൂർണ ദൈവവും പൂർണ മനുഷ്യനും

**അടിസ്ഥാനപരമായി** ഈ ലേഖനം വെളിപ്പെടുത്തുന്ന സത്യം എന്താണ്? യേശുവിലെ മനുഷ്യനെ ഒരു മാതൃക എന്ന നിലയിൽ നിങ്ങൾ ശ്രദ്ധിച്ചു നോക്കുന്നു എങ്കിൽ ജയകരമായ ജീവിതത്തിന്റെ രഹസ്യം എന്തെന്നു നിങ്ങൾ കണ്ടെത്തും. നമുക്കു പരിശുദ്ധാത്മാവിന്റെ ശക്തിയും ദൈവവചനവും ആവശ്യമാണ്. അതുപോലെ തന്നെ പ്രധാനമാണ് യേശു എന്ന മനുഷ്യനെ ശ്രദ്ധിക്കുന്നതും.



*പിടിക്കപ്പെടുമെന്നതിനാൽ മോഷണം നടത്താത്ത അനേകരുണ്ട്. അവർ മോഷണത്തെ വെറുക്കുന്നതുകൊണ്ടല്ല അങ്ങനെ ചെയ്യാത്തത്.*

പുതിയ നിയമത്തിൽ എവിടെയും കാണുന്നതുപോലെ യേശുവിന്റെ ദൈവത്വത്തെ സുവ്യക്തമാക്കിക്കൊണ്ട് ഒന്നാമദ്ധ്യായം ആരംഭിക്കുന്നു. ക്രിസ്തുവിലെ മാനുഷികതയെ മറ്റേതൊരു പുതിയ നിയമ എഴുത്തുകാരനെക്കാളും അധികം വ്യക്തമാക്കുവാൻ എബ്രായ ലേഖനകർത്താവിനെ പരിശുദ്ധാത്മാവ് പ്രേരിപ്പിച്ചു. ഈ ലേഖനത്തിന്റെ വായനക്കാർക്ക് ഒരു പക്ഷേ താൻ യേശുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നില്ലേ എന്നു സംശയം തോന്നാമെന്ന് അദ്ദേഹം ചിന്തിച്ചുകാണും. അങ്ങനെ യേശുവിന്റെ ദൈവത്വത്തിൽ നിന്നു തന്നെ തുടങ്ങുവാൻ പരിശുദ്ധാത്മാവ് അദ്ദേഹത്തിനു പ്രേരണ നൽകി. അങ്ങനെ ഒന്നാമദ്ധ്യായം യേശുവിന്റെ ദൈവത്വത്തെ പ്രഘോഷിക്കുന്നതായിത്തീർന്നു.

അധികം ക്രിസ്ത്യാനികളും യേശുവിന്റെ ദൈവത്വത്തിനു അമിത പ്രാധാന്യം നൽകുകയും തന്റെ മനുഷ്യത്വത്തിലൂടെ ഊന്നൽ നൽകിയിട്ടുള്ള പ്രായോഗിക ലക്ഷ്യങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. അതുകൊണ്ടായിരിക്കാം എബ്രായ ലേഖനത്തിന് അവർക്കിടയിൽ വലിയ പ്രചാരമോ പ്രാധാന്യമോ ലഭിക്കാതെ പോയതും. എന്നാൽ സന്തുലിതമായ നിലയിൽ അവർ സത്യം ഗ്രഹിക്കുവാനാഗ്രഹിക്കുന്നു എങ്കിൽ ഈ ലേഖനം കൂടി അവർ പഠിക്കേണ്ടതുണ്ട്.

ക്രിസ്തുവിന്റെ മനുഷ്യത്വത്തെക്കുറിച്ച് "യേശു ജീവിച്ചതുപോലെ" എന്നു ശീർഷകത്തോടെ ഞാൻ ഒരു പുസ്തകം രചിച്ചിട്ടുണ്ട്. അതിന്റെ ഒന്നാമദ്ധ്യായവും യേശുവിന്റെ ദൈവത്വത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് ഞാൻ തുടങ്ങിയിരിക്കുന്നത്. ഈ ഭൂമിയിൽ നടന്നപ്പോഴും അവിടുന്നു ദൈവമായിരുന്നു. അതുകൊണ്ടായിരുന്നു അവിടുന്ന് ആളുകളിൽ നിന്നും ആരാധന സ്വീകരിച്ചത്. ദൂതന്മാർ പോലും അതു നിരസിച്ചിരുന്നു.

എബ്രായലേഖനം ഒന്നാമദ്ധ്യായത്തിൽ പഴയ നിയമത്തിൽ നിന്നുമുള്ള പല വാക്യങ്ങളിലൂടെ യേശുക്രിസ്തു ദൈവമെന്നു ലേഖനകർത്താവു തെളിയിക്കുന്നു. തുടർന്ന് രണ്ടാമദ്ധ്യായത്തിൽ പഴയ നിയമവാക്യങ്ങളുടെ വെളിച്ചത്തിൽ യേശുക്രിസ്തു മനുഷ്യനെന്നും അദ്ദേഹം തെളിയിക്കുന്നു. ആദ്യ രണ്ടദ്ധ്യായങ്ങളുടെ പ്രമേയം തന്നെ ഇവയാണ്.

ഒന്നാമദ്ധ്യായത്തിൽ പറയുന്നത് പഴയനിയമകാലത്ത് ദൈവം പ്രവാചകന്മാരിലൂടെ പല വിധത്തിൽ - ദർശനങ്ങളിലൂടെയും, സ്വപ്നങ്ങളിലൂടെയും, പ്രവചനശബ്ദങ്ങളിലൂടെയും തിരുവെഴുത്തുകളിലൂടെയും - സംസാരിച്ചുകൊണ്ടിരുന്നു എന്നാണ്. എന്നാൽ അവസാനമായി ദൈവം തന്റെ പുത്രനിലൂടെ സംസാരിച്ചിരിക്കുന്നു. അവിടുത്തെ പുത്രനെ "ദൈവവചനം" എന്നു വിളിക്കുന്നു. സംസാരിക്കുന്ന ദൈവം എന്നത്രെ അതിന്നർത്ഥം. യേശുവാണ് ആ സന്ദേശം. നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ സന്ദേശം യേശുവിന്റെ ജീവനാണ്. പഴയ നിയമകാലത്ത് എഴുതപ്പെട്ട വചനത്തിലൂടെ ദൈവം സംസാരിച്ചു. ഇപ്പോൾ ഇതാ ജീവിക്കുന്ന വചനത്തിലൂടെ - ഒരു വ്യക്തിയിലൂടെ - ദൈവം സംസാരിച്ചിരിക്കുന്നു.

ഇതിന്റെ പ്രായോഗികത ഇതാണ്: നാം ലോകത്തിലേക്കു പോകുമ്പോൾ ദൈവം നമ്മിലൂടെ ലോകത്തോടു സംസാരിക്കുവാനാഗ്രഹി

ക്കുന്നു. നമ്മുടെ വാക്കുകളിലൂടെ യല്ല നമ്മുടെ ജീവിതത്തിലൂടെ. ഞാനും നിങ്ങളും ലോകത്തോടുള്ള ദൈവത്തിന്റെ സന്ദേശങ്ങളാണ്. അതു കൊണ്ടാണ് യേശുവിനെ "ജഡമായിത്തീർന്ന വചനം" എന്നു വിളിക്കുന്നത്. വചനം (സന്ദേശം) ആദ്യമായി ജഡം ധരിച്ച തു ക്രിസ്തുവിലാണ്. ഇന്ന് ആ വചനം (സന്ദേശം) നമ്മുടെ ജഡത്തിലൂടെ വെളിപ്പെടുന്നു.

പുത്രനായ യേശുവിലൂടെയാണ് ലോകത്തെ ഉണ്ടാക്കിയതെന്നു വ്യക്തമായി പറഞ്ഞിരിക്കുന്നു (1:2). വീണ്ടും 1:10 – ൽ ഇത് ആവർത്തിച്ചിരിക്കുന്നു. ഉല്പത്തി 1:1 ൽ പിതാവായ ദൈവത്തോടും പരിശുദ്ധാത്മാവിനോടും ചേർന്നു ലോകത്തെ സൃഷ്ടിച്ച സ്രഷ്ടാവ് ദൈവപുത്രനായ യേശു തന്നെ.

യേശു ദൈവ തേജസ്സിന്റെ പ്രതിഫലനവും അവിടുത്ത സ്വഭാവത്തിന്റെ കൃത്യമായ പ്രതിച്ഛായയും തന്നെ. (1:3). മറ്റൊരു തരത്തിൽ പറഞ്ഞാൽ ദൈവം എങ്ങനെയിരിക്കുന്നു എന്നു കാണുവാൻ നിങ്ങൾക്കു താത്പര്യമുണ്ടെങ്കിൽ യേശുവിനെ നോക്കിയാൽ മതി. യോഹ : 14:9 – ൽ യേശു തന്നെ പറഞ്ഞു "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു". മുഴു പ്രപഞ്ചത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനുമാണ് യേശു (1:3). നമ്മുടെ പാപങ്ങൾക്കു പരിഹാരം വരുത്തിയ ശേഷം ഉയരത്തിൽ ദൈവമഹത്വത്തിന്റെ വലത്തുഭാഗത്ത് ഒരു മനുഷ്യനായിത്തന്നെ ഇരിക്കുകയും ചെയ്തു. മനുഷ്യനായ ഈ യേശുവിനെ ആരാധിക്കുവാൻ ദൈവം ദൂതന്മാർക്ക് കല്പന നൽകുകയും ചെയ്തു (1:6).

ഇവിടെ കാണുന്ന "ആരാധന" എന്ന പ്രയോഗം ഒരുകാര്യം വ്യക്തമാക്കുന്നു. അത് യേശു ഒരു സൃഷ്ടിയല്ല എന്ന സത്യമാണ്. കാരണം സൃഷ്ടിക്കപ്പെട്ട ഒന്നിനും തന്നെ ആരാധന സ്വീകരിക്കുവാൻ യോഗ്യതയില്ല. യോഹന്നാൻ ഒരിക്കൽ ഒരു ദൂതന് ആരാധന നൽകുവാനായി നമസ്കരിച്ചപ്പോൾ "ഒരിക്കലും അതു പാടില്ല" എന്നു പറഞ്ഞ് ദൂതൻ യോഹന്നാനെ തടഞ്ഞു. "ദൈവത്തെ മാത്രമേ ആരാധിക്കാവൂ" (വെളി 19:10) . ആരാധന സ്വീകരിക്കുവാൻ മുഴു പ്രപഞ്ചത്തിലും യോഗ്യതയുള്ളത് ഒരാൾ മാത്രമാണ് – ദൈവം തന്നെ. ആരാധന സ്വീകരിക്കുന്ന മറ്റേതൊരു വ്യക്തിയും ഭയങ്കര പാപം തന്നെയാണു ചെയ്യുന്നത്. യേശു ഭൂമിയിലായിരുന്നപ്പോൾ മനുഷ്യരിൽ നിന്നും ആരാധന സ്വീകരിച്ചിരുന്നതായി കുറഞ്ഞത് ഏഴു പ്രാവശ്യമെങ്കിലും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതു സംശയാതീതമായി തെളിയിക്കുന്നത് ദൈവമെന്ന നിലയിലുള്ള അവകാശങ്ങളൊക്കെ ഒഴിഞ്ഞിട്ടാണ് അവിടുന്നു ഭൂമിയിലേക്കു വന്നതെങ്കിലും അവിടുന്നു ദൈവം തന്നെയായിരുന്നു എന്നാണ്. ദൈവത്തിന് ഒരിക്കലും ദൈവമല്ലാതാകുവാൻ കഴിവില്ലല്ലോ.

ഒടുവിൽ, പിതാവായ ദൈവം പുത്രനായ ദൈവത്തെ ഇങ്ങനെ സംബോധന ചെയ്തു പറഞ്ഞിരിക്കുന്നു: "ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളത്" (1:8). ഇതു സങ്കീ: 45:6 ൽ നിന്നുള്ള ഒരു ഉദ്ധരണിയാണ്. സംശയത്തിന്റെ നിഴൽ ലേശമില്ലാതെ ക്രിസ്തുവിന്റെ ദൈവത്വത്തെ തെളിയിക്കുന്നതാണീ ആമുഖ വിവരണമെല്ലാം. തന്റെ മനു

ഷ്യത്വത്തെ സംബന്ധിച്ച പഠനത്തിലേക്കു നാം പോകുംമുമ്പെ ഇപ്രകാരം ഒരു അടിസ്ഥാനമിടേണ്ടത് ആവശ്യം തന്നെ. തുടർന്ന് ലേഖനകർത്താവ് യേശുവിന്റെ മനുഷ്യത്വത്തെ സംബന്ധിച്ചും ആ സത്യം ഉൾക്കൊണ്ടിരിക്കുന്ന പ്രായോഗിക തലങ്ങളെക്കുറിച്ചും നമ്മെ കാട്ടിത്തരുന്നു.

യേശു ഒരു മനുഷ്യനെന്ന നിലയിൽ ഭൂമിയിൽ എങ്ങനെ ജീവിച്ചു എന്നു കാണിക്കുന്ന ഒരു വാക്യം ഇതാ: ''നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കയും ചെയ്തിരിക്കയാൽ ദൈവമേ, നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു.'' (1:9) ഈ ഭൂമിയിൽ ജീവിച്ചപ്പോൾ നമുക്കുണ്ടായിരുന്ന എല്ലാ പരിമിതികളോടും കൂടെയായിരുന്നു യേശു ജീവിച്ചത്. അതുകൊണ്ടു തന്നെ തനിക്ക് അഭിഷേകം ആവശ്യമായിരുന്നു. പിതാവായ ദൈവത്തിന് അഭിഷേകം ആവശ്യമില്ല. യേശുവിനു താൻ സ്വർഗ്ഗത്തിലായിരുന്നപ്പോൾ അഭിഷേകം ആവശ്യമായിരുന്നില്ല. എന്നാൽ ഭൂമിയിൽ നമുക്കൊരു മാതൃകയായിരിക്കേണ്ടതിന് തനിക്ക് അഭിഷേകം ആവശ്യമായിരുന്നു. എന്നാൽ നമ്മെക്കാളധികം യേശുവിനെ ദൈവം ആനന്ദതൈലം (സന്തോഷം) കൊണ്ട് അഭിഷേകം ചെയ്തതെന്തുകൊണ്ടെന്ന് ഇവിടെ പറയുന്നു. പ്രാഥമികമായി അവിടുന്നു നീതിയെ ഇഷ്ടപ്പെടുകയും അധർമ്മത്തെ ദ്വേഷിക്കുകയും ചെയ്തു. പാപത്തെ വെറുത്ത് വിശുദ്ധിയെ സ്നേഹിച്ചു.

നീതി പ്രവർത്തിക്കുന്നതും നീതിയെ സ്നേഹിക്കുന്നതും തമ്മിൽ

**അവിടുന്നു നീതിയെ ഇഷ്ടപ്പെടുകയും അധർമ്മത്തെ ദ്വേഷിക്കുകയും ചെയ്തു. പാപത്തെ വെറുത്ത് വിശുദ്ധിയെ സ്നേഹിച്ചു. നീതി പ്രവർത്തിക്കുന്നതും നീതിയെ സ്നേഹിക്കുന്നതും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. അനുസരണത്തെ സ്നേഹിക്കാതെയും ഒരു കുട്ടിക്ക് അവന്റെ പിതാവിനെ അനുസരിക്കുവാൻ കഴിയും. യേശു നീതി പ്രവർത്തിക്കുക മാത്രമല്ല. നീതിയെ സ്നേഹിക്കുക തന്നെ ചെയ്തു. അപ്രകാരം തന്നെ യേശു പാപത്തെ ഒഴിയുകയായിരുന്നില്ല പാപത്തെ വെറുക്കുകയായിരുന്നു.**

വലിയ വ്യത്യാസം ഉണ്ട്. അനുസരണത്തെ സ്നേഹിക്കാതെയും ഒരു കുട്ടിക്ക് അവന്റെ പിതാവിനെ അനുസരിക്കുവാൻ കഴിയും. യേശു നീതി പ്രവർത്തിക്കുക മാത്രമല്ല. നീതിയെ സ്നേഹിക്കുക തന്നെ ചെയ്തു.

അപ്രകാരം തന്നെ യേശു പാപത്തെ ഒഴിയുകയായിരുന്നില്ല പാപത്തെ വെറുക്കുകയായിരുന്നു.

ഇക്കാലത്ത് ലൈംഗിക പാപം കാരണമായി മനുഷ്യർക്കു പിടിപെടുന്ന ഒരു മാരകരോഗമാണ് എയിഡ്സ്. എയിഡ്സ് പിടിപെടുമെന്ന ഭയത്താൽ ദുർന്നടപ്പിനെ ഒഴിയുന്ന അനേകരുണ്ട്. പിടിക്കപ്പെടുമെന്നതിനാൽ മോഷണം നടത്താത്ത അനേകരുണ്ട്. അവർ മോഷണത്തെ വെറുക്കുന്നതുകൊണ്ടല്ല അങ്ങനെ

**ദൈവത്തിനു മുഖപക്ഷം ഇല്ല. ഒരു നല്ല പിതാവ് തന്റെ മൂത്ത മകന് മറ്റുമക്കളെക്കാൾ അധികം നന്മയൊന്നും നൽകുകയില്ല - കാരണം അദ്ദേഹത്തിനു മുഖപക്ഷമില്ല. മൂത്ത മകനു നൽകിയതൊക്കെ ഇളയ മക്കൾക്കും അവിടുന്നു നൽകുന്നു. പിതാവായ ദൈ വവും ഇങ്ങനെ തന്നെയാണ്. നാമെല്ലാം യേശുവിന്റെ ഇളയ സഹോദരന്മാരാണ്. യേശുവാണ് മൂത്ത ജ്യേഷ്ഠൻ. യേശുവിനു നൽകിയതൊക്കെ മുഖപക്ഷമില്ലാത്ത പിതാവായ ദൈവം നമുക്കും നൽകും.**

ചെയ്യാത്തത്. അങ്ങനെതന്നെ പാപത്തെ വെറുക്കാതെതന്നെ പലതിനെയും ഒഴിവാക്കുവാൻ നിങ്ങൾക്കു കഴിയും.

എന്നാൽ ആനന്ദ തൈലം കൊണ്ടുള്ള അഭിഷേകം വേണമെങ്കിൽ നീതിയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും വേണം. മറ്റുള്ളവരെക്കാൾ അധികമായി യേശുവിനെ ആനന്ദ തൈലത്താൽ അഭിഷേകം ചെയ്തത് അതിനാലാണ് എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു.

ദൈവത്തിനു മുഖപക്ഷം ഇല്ല. ഒരു നല്ല പിതാവ് തന്റെ മൂത്ത മകന് മറ്റുമക്കളെക്കാൾ അധികം നന്മയൊന്നും നൽകുകയില്ല - കാരണം അദ്ദേഹത്തിനു മുഖപക്ഷമില്ല. മൂത്ത മകനു നൽകിയതൊക്കെ ഇളയമക്കൾക്കും അവിടുന്നു നൽകുന്നു. പിതാവായ ദൈവവും ഇങ്ങനെ തന്നെയാണ്. അനേകം സഹോദരന്മാരിൽ ആദ്യ ജാതൻ എന്നാണ് യേശുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. വീണ്ടും ജനിച്ച നാമെല്ലാം യേശുവിന്റെ ഇളയ സഹോദരന്മാരാണ്. യേശുവാണ് മൂത്ത ജ്യേഷ്ഠൻ. യേശു എന്ന മൂത്ത മകനു നൽകിയതൊക്കെ മുഖപക്ഷമില്ലാത്ത പിതാവായ ദൈവം നമുക്കും നൽകും. യേശു നിറവേറ്റിയ വ്യവസ്ഥ അതേപടി ഞാനും നിറവേറ്റുമെങ്കിൽ യേശുവിനു ലഭിച്ചത് എനിക്കും ലഭിക്കും. യേശുവിന്റെ മനുഷ്യത്വം എന്ന വിഷയത്തെ അറിയാൻ ശ്രമിക്കുമ്പോൾ നാം കണ്ടെത്തുന്ന ഒരു വലിയ സത്യം ഇതാണ്.

യേശു ദൈവപുത്രനായിരുന്നതിനാൽ ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ടിരുന്നു എന്നായിരുന്നു എഴുതപ്പെട്ടിരുന്നതെങ്കിൽ അതു നമുക്കു ഉത്സാഹത്തിനോ വെല്ലുവിളിക്കോ കാരണമാവുകയില്ലായിരുന്നു. എന്നാൽ അവിടുന്നു നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കയും ചെയ്തതുകൊണ്ട് അഭിഷേകം ചെയ്യപ്പെട്ടു എന്നത് നമുക്കും ആശയ്ക്കു വക നൽകുന്ന കാര്യമാണ്. നാമും പാപത്തെ വെറുക്കുകയും നീതിയെ സ്നേഹിക്കുകയും ചെയ്താൽ നമുക്കും അതേ അഭിഷേകം തന്നെ പ്രാപിക്കാൻ കഴിയുമെന്ന കാര്യം. അതുകൊണ്ട് നമുക്ക് ഇപ്രകാരം പ്രാർത്ഥിക്കേണ്ടതുണ്ട്. “കർത്താവേ, പാപം ചെയ്യാതിരിക്കുവാനല്ല പാപത്തെ വെറുക്കുവാനും നീതിയെ ചെയ്യുവാനല്ല നീതിയെ സ്നേഹിപ്പാനുമുള്ള ശക്തി എനിക്കു ലഭിപ്പാൻ തക്കവണ്ണം പരിശുദ്ധാത്മാവിനാൽ എന്റെ ഹൃദയത്തെ ഉറപ്പിക്കേണമേ” എന്ന്.

എത്രയധികം നാം പാപത്തെ

*(ശേഷം പേജ് 34 ൽ)*

# കഴിവിനപ്പുറം പരീക്ഷിക്കപ്പെടുകയില്ല

(പേജ് 21 ൽ നിന്ന് തുടർച്ച)

ചിലപ്പോൾ വളരെ സമയം എടുക്കാറുണ്ട്. പാപത്തെ ജയിക്കുന്നതിനുള്ള ശക്തി നമ്മിൽത്തന്നെയുണ്ടെന്നു ചിന്തിക്കുന്നതു നിഗളത്തിന്റെ വകഭേദമത്രേ. കുറേക്കൂടി നിശ്ചയദാർഢ്യം, കുറേക്കൂടി സ്വയനിയന്ത്രണം, അല്പംകൂടി പ്രാർത്ഥനയും ഉപവാസവും വേദപുസ്തകപഠനവും ഇങ്ങനെയുള്ള ചില കാര്യങ്ങളാണ് നമുക്കാവശ്യമെന്നു നാം പലപ്പോഴും ചിന്തിക്കാറുണ്ട്. ഇതുപോലെയുള്ള ഒരു പുസ്തകത്തിൽനിന്ന് ആത്മീയവിജയത്തെക്കുറിച്ചു വായിക്കുമ്പോൾ "വിജയരഹസ്യം ഇപ്പോൾ നന്നായി ഗ്രഹിച്ചിരിക്കുന്നു; ഇനി നിഷ്പ്രയാസം വേഗം വിജയം നേടാം" എന്നു നാം ചിന്തിച്ചേക്കാം.

വളരെ ആത്മധൈര്യത്തോടെ നാം മുമ്പോട്ടുള്ള യാത്രയാരംഭിക്കുന്നു. എന്നാൽ നമ്മുടെ വിശ്വസവും ധൈര്യവും ദൈവകൃപയിലല്ല, നമ്മിൽത്തന്നെയാണ് സ്ഥിതിചെയ്യുന്നതെന്നു നാം ഗ്രഹിക്കുന്നില്ല. അതുനിമിത്തം അതാ, വളരെ വേഗം ദയനീയമാംവിധം നാം വീണുപോകുന്നു. എന്നാൽ ഒരു വീഴ്ചയിൽ നിന്നു നാം മതിയായ പാഠം പഠിക്കുമോ? ഒരിക്കലുമില്ല. അങ്ങനെ വീണ്ടും വീണ്ടും നാം വീണുപോകുവാൻ ദൈവം അനുവദിക്കുന്നു. നാം എടുത്തിട്ടുള്ള എല്ലാ തീരുമാനങ്ങളെയും തകർത്തുകൊണ്ട് ഒട്ടനവധി പ്രാവശ്യം വീഴ്ചകൾ സംഭവിക്കുകയും, അങ്ങനെ സ്വന്തശക്തിയിലാശ്രയിച്ചു വിജയം നേടുന്നതിനുള്ള എല്ലാ പ്രതീക്ഷകളും നാം കൈവെടിയുകയും ചെയ്യുന്നതുവരെയും ദൈവം ഇതനുവദിച്ചുകൊണ്ടിരിക്കും. ഇപ്രകാരം നമ്മുടെ സ്വന്തം തീരുമാനങ്ങളും സ്വന്തം കഴിവുകളും വെറും പൂജ്യമാണെന്നു മനസ്സിലാക്കുമ്പോൾ മാത്രമേ ആത്മീയവിജയത്തിന്റെ വാഗ്ദത്തഭൂമിയിൽപ്രവേശിക്കുവാൻ നമുക്കു സാധിക്കുകയുള്ളു.

സ്വന്തശക്തിയിൽ ആശ്രയിക്കുകയും അഹങ്കരിക്കുകയും ചെയ്ത യിസ്രായേല്യരെ നാൽപതു സംവത്സരം മരുഭൂമിയിലൂടെ അലഞ്ഞുഴലുവാൻ ദൈവം അനുവദിച്ചു. അവരുടെ ഇടയിലുണ്ടായിരുന്ന സ്വയശക്തിയുടെ പ്രതീകങ്ങളായ 'യോദ്ധാക്കൾ' ഒക്കെയും നശിക്കുന്നതുവരെ അവർ മരുഭൂമിയിൽ അലഞ്ഞുനടന്നു (ആവർ.2:14,16). മിസ്രയീമിൽനിന്നു പുറപ്പെട്ടു രണ്ടുവർഷം കഴിഞ്ഞപ്പോൾ തന്നെ, ദൈവം ജനത്തെ വാഗ്ദത്തദേശത്തിന്റെ അതിർത്തി വരെ കൊണ്ടുവന്നിരുന്നു. എങ്കിലും അവിശ്വാസം നിമിത്തം അവർക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല (സംഖ്യാ.13,14). അതുകൊണ്ട് അവർ ഒരു 'ശൂന്യബിന്ദു'വിൽ–തങ്ങളുടെ കഴിവുകൾ ശൂന്യമാണെന്ന ബോധത്തിൽ–എത്തുന്നതുവരെയും, മറ്റൊരു മുപ്പത്തെട്ടുവർഷങ്ങൾ കൂടി മരുഭൂമിയിൽ അലയുവാൻ ദൈവം അവർക്ക് ഇടവരുത്തി. അതിനുശേഷം അവർ കനാനിൽ പ്രവേശിച്ചു. ജഡത്തിന്റെ പരിശ്രമം അശേഷം പോലും കൂടാതെ യെരിഹോ മതിൽ അവർക്കുമുമ്പിൽ ഇടിഞ്ഞുവീണു.

ദൈവത്തിനു തന്റെ പ്രവൃത്തി നമ്മിലും നമ്മിലൂടെയും ചെയ്യാൻ

സഹോദരിമാരോട്

## അമ്മമാർക്കൊരു പ്രോത്സാഹനം

# കുഞ്ഞുങ്ങളെ വളർത്തുമ്പോൾ...

**ആനി പുന്നൻ**

(കഴിഞ്ഞലക്കം തുടർച്ച)

**കുട്ടികൾ** ന്യായപ്രമാണത്തിന് (നിയമത്തിന്) കീഴിലാണ്. എന്നാൽ അവർ നമ്മിൽ നിന്ന് കൃപയും അനുഭവിച്ചറിയണം. കുറെ നിയമങ്ങളാൽ മാത്രം നാം അവരെ നിയന്ത്രിക്കുമ്പോൾ മുതിർന്നുവരുമ്പോൾ അവർ മത്സരികളാകാൻ ഇടയുണ്ട്. ഭവനം വിട്ടുപോകുന്ന സന്ദർഭത്തിനായി അവർ കാത്തിരുന്നിട്ട് ആ സമയം വന്നുചേരുമ്പോൾ പിന്നീട് അവരുടെതായ രീതിയിൽ ജീവിക്കാൻ സാധ്യതയുണ്ട്. എന്റെ കുട്ടികൾ ഭവനത്തെ സ്നേഹിക്കണമെന്നും ക്രൂരമായ ഈ ലോകത്തിനു നടുവിൽ ഞങ്ങളുടെ ഭവനത്തെ ഒരു സുരക്ഷിത സ്ഥലമായി കരുതണമെന്നും ഞാൻ ആഗ്രഹിച്ചിരുന്നു. ഭവനത്തിൽ നിന്ന് അകലെയിരിക്കുമ്പോൾ വീട്ടിലേയ്ക്കു വന്ന് ഞങ്ങൾ മാതാപിതാക്കളോടൊന്നിച്ച് ചേരുന്ന സമയത്തിനായി അവർകൊതിയോടെ കാത്തിരിക്കണമെന്ന് എനിക്ക് ആഗ്രഹമു

---

കഴിയണമെങ്കിൽ, അതിനു മുമ്പായി അവിടുത്തേക്കു നമ്മെ ശൂന്യതയിലേക്ക് അഥവാ തികഞ്ഞ നിസ്സഹായതിലേക്കു കൊണ്ടുവരേണ്ടിയിരിക്കുന്നു. അതിനു നാം നാൽപതു വർഷം എടുക്കേണ്ടയാവശ്യമില്ല. എന്തുവിലകൊടുത്തും നിങ്ങളെത്തന്നെ വിനയപ്പെടുത്തുവാനുള്ള ഒരുക്കവും പാപത്തോടുള്ള സമീപനത്തിൽ തികഞ്ഞ മൗലികചിന്തയും ഉള്ള ഒരാളാണു നിങ്ങളെങ്കിൽ, ഒന്നോ രണ്ടോ വർഷങ്ങൾക്കകം നിങ്ങൾക്കു ജയജീവിതത്തിലേക്കു കടക്കുവാൻ കഴിയും.

നാം സാഹചര്യങ്ങളെയും മറ്റു മനുഷ്യരെയും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാലത്തോളം ഒരിക്കലും നമുക്കു വിജയം ലഭ്യമാവുകയില്ല. എന്നാൽ നമ്മുടെ എല്ലാ സാഹചര്യങ്ങളെയും സർവാധികാരിയായ ദൈവമാണ് നിയന്ത്രിക്കുന്നതെന്നും, നമുക്കു സഹിക്കാൻ കഴിയാത്ത ഒരു പരീക്ഷയും അവിടുന്ന് അനുവദിക്കുകയില്ലെന്നും വിശ്വസിച്ചുകൊണ്ടു നമ്മെത്തന്നെ നാം പരമാവധി വിനയപ്പെടുത്തുന്നുവെങ്കിൽ നിശ്ചയമായും നാം വിജയത്തിൽ എത്തിച്ചേരും. (അവസാനിച്ചു).

ണ്ടായിരുന്നു.

കുഞ്ഞുങ്ങളെ വളർത്താൻ മതാപിതാക്കൾക്ക് ഏറ്റവും ആവശ്യമുള്ളത് ജ്ഞാനമാണ്. എവിടെയാണ് നാം കുട്ടികളോടു കടുംപിടുത്തം പിടിക്കുന്നതെന്നും എവിടെയാണ് കുട്ടികൾക്ക് ആവശ്യത്തിൽ കൂടുതൽ സ്വാതന്ത്ര്യം നൽകുന്നതെന്നും കാണിച്ചു തരുവാൻ നാം ദൈവത്തോട് ചോദിക്കണം. പ്രത്യേകിച്ചു കുട്ടികളുടെ കൗമാരപ്രായത്തിൽ മാതാപിതാക്കൾ വളരെ ജ്ഞാനത്തോടും ക്ഷമയോടും സ്നേഹത്തോടും കൂടെ അവരോട് പെരുമാറണം.

ഒരു ദൈവിക ഭവനം കെട്ടിപ്പടുക്കുവാൻ ഒരു ഭാര്യയ്ക്കും ഭർത്താവിനും ഏറ്റവും അത്യാവശ്യമായ ഒന്നാണ് പ്രാർത്ഥന. അത്ഒന്നിച്ചും അതുപോലെതന്നെ വ്യക്തിപരമായും ചെയ്യണം. എല്ലാകാര്യത്തിലും ദൈവത്തിന്റെ സഹായം ചോദിക്കണം. സാധ്യമായ സമയത്തൊക്കെ പ്രാർത്ഥിക്കണം. ദിവസം മുഴുവനും ഹൃദയത്തിൽ നിശ്ശബ്ദമായ പ്രാർത്ഥനയോടെ ആയിരിക്കാൻ സാധിക്കും. പ്രത്യേകിച്ച് നമ്മുടെ കുഞ്ഞുങ്ങൾ പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ നാം പ്രാർത്ഥിക്കേണ്ടതാണ്. നാം ഭർത്താക്കന്മാരുമായി ഒരുമനപ്പെട്ടു പ്രാർത്ഥിക്കുന്ന വിഷയങ്ങൾക്കു മറുപടി ലഭിക്കും. എന്റെയും ഭർത്താവിന്റെയും ഒരുമനപ്പെട്ടുള്ള പ്രാർത്ഥനകൾക്ക് അനേകം അത്ഭുതകരമായ ഉത്തരങ്ങൾ ലഭിച്ചിട്ടുണ്ട്.

കുടുംബപ്രാർത്ഥന ഒരിക്കലും നിത്യവും നടത്തുന്ന ഒരു ചടങ്ങായി തീരരുത്. ഒരു ചടങ്ങായിത്തീർന്നാൽ കുട്ടികൾ അതുമൂലം മടുത്തുപോകും. അവർ മാതാപിതാക്കളോട് സംസാരിക്കുമ്പോൾ അവർക്കുള്ള അത്രയും സ്വാതന്ത്ര്യത്തോടും, സന്തോഷത്തോടും കൂടെ സ്വർഗ്ഗീയ പിതാവിനോട് സംസാരിക്കുന്നതാണ് പ്രാർത്ഥന എന്നത് അവർ കണ്ടു മനസ്സിലാക്കണം.

അവസാനമായി നിങ്ങൾ ഏതെങ്കിലും കാരണത്താൽ അസ്വസ്ഥരായിരിക്കുമ്പോൾ (പലപ്പോഴും അങ്ങനെ ആയിരിക്കും) അതിനെ പെട്ടെന്ന് ജയിക്കുവാനും ഹൃദയത്തിൽ സമാധാനം ഉണ്ടാകുവാനുമായി കർത്താവിനോട് അപേക്ഷിക്കുക. നിങ്ങൾ എത്രയും വേഗം നിങ്ങളുടെ മനസ്സിനെ സ്വസ്ഥതയിലാക്കാത്ത പക്ഷം നിങ്ങളുടെ ഭവനത്തിൽ അനൈക്യവും അസമാധാനവും ഉണ്ടാകും. സാത്താൻ ഭവനത്തിൽ പ്രവേശിച്ച് കലക്കമുണ്ടാക്കും. ഈ സാഹചര്യത്തിൽ നിങ്ങളുടെ കുട്ടികളാണ് ഏറ്റവും അധികം ബുദ്ധിമുട്ടുന്നത്. നിങ്ങളുടെ കുഞ്ഞുങ്ങളെ നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ ഭർത്താവുമായുള്ള സ്വരച്ചേർച്ചയില്ലായ്മയെ എത്രയും വേഗം പരിഹരിക്കുക.

കർത്താവിനു മാത്രമേ ഒരു ദൈവിക ഭവനം പണിയാൻ നമ്മെ സഹായിക്കാൻ കഴിയുകയുള്ളു. കർത്താവ് അതിന് സദാ സന്നദ്ധനാണ്. ഭവനം സ്വർഗ്ഗത്തിന്റെ ഒരു ചെറിയ പതിപ്പായിത്തീരാൻ ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ഭവനങ്ങളെല്ലാം അപ്രകാരം ആയിത്തീരട്ടെ? എല്ലാ പുകഴ്ചയ്ക്കും മഹത്വത്തിനും യോഗ്യൻ കർത്താവ് മാത്രമാണ്!!

(അവസാനിച്ചു)

മൊഴിമാറ്റം: **റാണി**

❖

# അന്ത്യോക്ക്യയിലെ ഇഗ്നേഷ്യസ്: സിംഹങ്ങളുടെ മുന്നിൽ ധീരതയോടെ

"ഒരു ക്രിസ്ത്യാനി എന്ന് അറിയപ്പെടുന്നതിനേക്കാൾ യഥാർത്ഥത്തിൽ ഒരു ക്രിസ്ത്യാനിയാകാൻ ഞാൻ ഇഷ്ടപ്പെടുന്നു. ഞാൻ യഥാർത്ഥത്തിൽ ഒരു ക്രിസ്ത്യാനി ആയിരുന്നാൽ എനിക്ക് ക്രിസ്ത്യാനി എന്ന പേരിനും അവകാശമുണ്ട്." – രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയായ ഇഗ്നേഷ്യസിന്റെ വാക്കുകളാണിവ.

ട്രേജൻ എന്ന റോമൻ ചക്രവർത്തി സാമ്രാജ്യം ഭരിച്ചിരുന്ന കാലം. എ.ഡി. 98 മുതൽ 117 വരെയായിരുന്നു അദ്ദേഹം റോമൻ സാമ്രാജ്യത്തിന്റെ അധിപനായിരുന്നത്.



ദൈവപുരുഷനായ ഇഗ്നേഷ്യസ് ഈ കാലത്താണ് ജീവിച്ചിരുന്നത്. തികഞ്ഞ ദൈവഭക്തിയുള്ള ക്രിസ്തുശിഷ്യനായിരുന്നു ഇഗ്നേഷ്യസ്.

അപ്പോസ്തലനായ യോഹന്നാന്റെ ശിഷ്യനായിരുന്ന ഇഗ്നേഷ്യസ് കൗമാരക്കാരനായിരിക്കെ ക്രിസ്തീയ വിശ്വാസത്തിൽ ആകൃഷ്ടനായി. തുടർന്നു ക്രിസ്തുവിനെ അംഗീകരിച്ച് ഒരു ക്രിസ്ത്യാനിയായിത്തീർന്നു.

ക്രിസ്തീയ ഉപദേശങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആഴമായ അറിവും പവിത്രമായ ജീവിതവും അദ്ദേഹത്തെ പിന്നീട് കിഴക്കുള്ള പ്രസിദ്ധ പട്ടണമായ അന്ത്യോക്ക്യയിലെ സഭാധ്യക്ഷ പദവിയിലെത്തിച്ചു.

ഇഗ്നേഷ്യസ് അന്ത്യോക്ക്യയിലെ സഭയ്ക്കു നേതൃത്വം നൽകിയതു നാൽപതു വർഷങ്ങൾ ആയിരുന്നു.

ക്രിസ്തീയ വിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ കഠിനമായ സമയങ്ങളായിരുന്നു ഈ വർഷങ്ങൾ. ശാന്തമായതും പീഡനങ്ങൾ അവസാനിച്ചുവെന്ന് തോന്നിക്കുന്നതുമായ ഒരു ഇടവേള പോലും അവർക്ക് ലഭിച്ചില്ല. കാറ്റും കോളും നിറഞ്ഞ ഈ സമയങ്ങളിൽ പരിചയസമ്പന്നനായ ഒരു അമരക്കാരനെപ്പോലെ ഇഗ്നേഷ്യസ് ക്രിസ്തീയ സഭയെ മുന്നോട്ട് നയിച്ചു. ഒരു ഭാഗത്ത് ഉപവാസത്താലും കണ്ണീരോടെയുള്ള പ്രാർത്ഥനയാലും ഇഗ്നേഷ്യസ് ദൈവത്തോട് അഭയയാചന കഴിച്ചു. മറുവശത്ത് തുടർമാനമായ പ്രബോധനങ്ങളാലും നിർദ്ദേശങ്ങളാലും വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനായി അദ്ദേഹം അക്ഷീണമായി പ്രയത്നിച്ചു. പീഡനങ്ങളുടെ ആധിക്യത്താൽ ബലഹീനരും ഉൾക്കരുത്തില്ലാത്തവരുമായ വിശ്വാസികൾ ക്രിസ്തീയ വിശ്വാസം വിട്ട് ഉഴന്നുപോകുമോയെന്ന് അദ്ദേഹം ആശങ്കപ്പെട്ടു.

രക്തസാക്ഷിത്വം സംബന്ധിച്ച് ഇഗ്നേഷ്യസിന്റെ വിശ്വാസം വിസ്മയകരമായിരുന്നു. രക്തസാക്ഷിയാകാതെ ക്രിസ്തുവിനെപ്പോലെ സ്നേഹത്തിൽ പൂർണ്ണനാകാൻ കഴിയുകയില്ല എന്ന് മാത്രമല്ല ഒരു ക്രിസ്തുശിഷ്യന്റെ ഉത്തരവാദിത്വം പൂർണ്ണമായി നിറവേറ്റുവാൻ രക്തസാക്ഷിത്വം ആവശ്യമാണെന്നും അദ്ദേഹം വിശ്വസിച്ചു. രക്തസാക്ഷിയാകാൻ വൈകുന്നതിൽ അദ്ദേഹം അക്ഷമനായിരുന്നു എന്നു പറയാം. അദ്ദേഹം രക്തസാക്ഷിയാകുമെന്ന് പ്രതീക്ഷിക്കയും അത് ആഗ്രഹിക്കയും ചെയ്തിരുന്നു.

ട്രേജൻ പത്തൊമ്പത് വർഷങ്ങൾ റോമിൽ ചക്രവർത്തിയായിരുന്നതിനുശേഷമാണ് ഒരു നാൾ അന്ത്യോ




ക്ക്യയിൽ എത്തിയത്. അദ്ദേഹം ലക്ഷ്യം വെച്ചിരുന്ന യുദ്ധങ്ങൾക്ക് സന്നാഹമൊരുക്കുന്നതിനുവേണ്ടിയായിരുന്നു ആ വരവ്. സമീപകാല യുദ്ധവിജയങ്ങൾ അദ്ദേഹത്തെ തലക്കനമുള്ളവനാക്കിയിരുന്നു. അന്ത്യോക്കിൽ പ്രവേശിച്ച അദ്ദേഹത്തിന്റെ ആദ്യ ചിന്ത ക്രിസ്ത്യാനികളെക്കുറിച്ചായിരുന്നു. കാരണം യുദ്ധങ്ങളിൽ ജയാളിയായിരുന്നാലും ക്രിസ്ത്യാനികളാൽ പരാജിതനായാൽ അതു യുദ്ധവിജയങ്ങൾക്ക് മങ്ങലേല്പ്പിക്കുമെന്ന് അദ്ദേഹം ചിന്തിച്ചു. ക്രിസ്ത്യാനികളെ പിന്തിരിപ്പിക്കുന്നതിനായി മറ്റിടങ്ങളിൽ നിലനിന്നിരുന്ന പീഡനങ്ങൾ അന്ത്യോക്ക്യയിലും തുടരുവാൻ അദ്ദേഹം തീരുമാനിച്ചുറച്ചിരുന്നു.

ഇഗ്നേഷ്യസ് തന്റെ ചുമതലയിലുള്ള വിശ്വാസികളെക്കുറിച്ച് കരുതലുള്ളവനായിരുന്നു. തന്റെ വിശ്വാസികൾ സുരക്ഷിതരായിരിക്കാൻ താൻ നേരിട്ട് ചക്രവർത്തിക്ക് മുമ്പിൽ കീഴടങ്ങുകയാണ് ഏറ്റവും ഉചിതം എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ട്രേജന്റെ ഭടന്മാർ തന്നെ അന്വേഷിച്ചു വരും എന്ന് ഇഗ്നേഷ്യസിന് ഉറപ്പായിരുന്നു. അതുകൊണ്ട് ഇഗ്നേഷ്യസ് നേരിട്ടു ചക്രവർത്തിയുടെ മുന്നിലെത്തി.

തന്റെ മുമ്പിലെത്തിയ ഇഗ്നേഷ്യ

സുമായി നടത്തിയ സംഭാഷണത്തിനൊടുവിൽ ട്രേജൻ ക്ഷുഭിതനായി. ഇഗ്നേഷ്യസിന്റെ ബോധ്യങ്ങൾക്കും, ഉറച്ചതീരുമാനത്തിനും ട്രേജൻ ശിക്ഷ വിധിച്ചു-'ചങ്ങലകളാൽ ബന്ധിക്കപ്പെട്ടവനായി അദ്ദേഹത്തെ റോമിലേക്ക് കൊണ്ടുപോകുക. റോമിൽ വന്യ മൃഗങ്ങൾക്ക് അദ്ദേഹത്തെ ഇരയായി നല്കുക.'

എന്നാൽ ശിക്ഷ കേട്ട ഇഗ്നേഷ്യസിന്റെ പ്രതികരണം മറ്റൊന്നായിരുന്നു. അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു: "കർത്താവേ, ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. നിന്റെ സ്നേഹത്താൽ എന്നെ ആദരിക്കുകയും ചങ്ങല ധരിച്ച അപ്പോസ്തലനായ പൗലൊസിനോടൊപ്പം എന്നെ എണ്ണുകയും ചെയ്തല്ലോ." തികഞ്ഞ പ്രസന്നതയോടെ ചങ്ങലകളാൽ ബന്ധിക്കപ്പെടുന്നതിന് ഇഗ്നേഷ്യസ് സ്വമേധയാ ഏല്പിച്ചു കൊടുത്തു.

അന്ത്യോക്ക്യയിൽ നിന്നും വളരെ ദൂരത്തായിരുന്ന റോമിൽ ഇഗ്നേഷ്യസ് ശിക്ഷിക്കപ്പെടണം എന്ന് ചക്രവർത്തിയായ ട്രേജൻ തീരുമാനിച്ചതിന് പിന്നിൽ രണ്ട് ഉദ്ദേശ്യങ്ങളുണ്ടായിരുന്നു. ഒന്ന് : ഇഗ്നേഷ്യസ് വളരെയധികം ആദരിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്ന ജനങ്ങൾക്കിടയിൽ അദ്ദേഹം രക്തസാക്ഷിയായാൽ അത് ആളുകളെ ക്രിസ്ത്യാനികളാകുന്നതിൽ നിന്നു പിന്തിരിപ്പിക്കും. രണ്ടാമത് ദീർഘദൂരം ബന്ധിതനായി കൊണ്ടുപോകുക മൂലം ഇഗ്നേഷ്യസിനെ കൂടുതൽ ജനങ്ങൾ കാണാനിടയാകും. അദ്ദേഹത്തിന്റെ കഷ്ടതകൾ ആളുകളെ ഭീതിപ്പെടുത്തുമെന്നും ചക്രവർത്തി കരുതി. എന്നാൽ ചക്രവർത്തി ഉദ്ദേശിച്ചതിന് വിപരീത ഫലമാണ് ഇതുകൊണ്ടുണ്ടായത്. എൺപത് വയസ്സോളം പ്രായമുണ്ടായിരുന്ന ഇഗ്നേഷ്യസ് 'ജയാളിയായി' റോമിലേക്ക് പോകുന്ന കാഴ്ചയാണ് ഉണ്ടായത്.

പത്തു ഭടന്മാരുടെ കാവലോടെയാണ് ഇഗ്നേഷ്യസിന്റെ റോമിലേക്കുള്ള യാത്ര ആരംഭിച്ചത്. പതിനാറ് മൈലുകൾ കാൽനടയായി യാത്ര ചെയ്തതിനുശേഷം തുടർന്ന് കപ്പൽമാർഗ്ഗം അവർ സ്മുർന്നയിൽ എത്തി. അവിടെ സ്മുർന്നയിലെ സഭാധ്യക്ഷൻ പോളികാർപ്പും മറ്റ് മൂപ്പന്മാരും ഇടയന്മാരും സമീപപ്രദേശങ്ങളിൽ നിന്നുമുള്ള ഒരു വലിയ കൂട്ടം വിശ്വാസികളും അദ്ദേഹത്തെ കാണാനായി വന്നു. ഇവർ എല്ലാം അദ്ദേഹത്തോടൊപ്പം പ്രാർത്ഥിച്ചു. ഈ വിശ്വാസികളെല്ലാം അദ്ദേഹത്തെ ധൈര്യപ്പെടുത്തി.

അപ്പോസ്തലനായ യോഹന്നാന്റെ മുൻ ശിഷ്യന്മാരായിരുന്ന ഇഗ്നേഷ്യസും പോളികാർപ്പും വീണ്ടും കണ്ടുമുട്ടിയപ്പോൾ അവരുടെ കൂടിക്കാഴ്ചയിൽ ഒട്ടും ദുഃഖം നിഴലിച്ചില്ല. ചങ്ങലകളാൽ ബന്ധിക്കപ്പെട്ട ഇഗ്നേഷ്യസിനെ പോളികാർപ്പ് ഗൗരവതരമായി ഉപദേശിക്കയും അന്ത്യംവരെ വിശ്വാസത്തിനുവേണ്ടി പോരാടാൻ പ്രബോധിപ്പിക്കയും ചെയ്തു.

ഇഗ്നേഷ്യസിന് ലഭിച്ച ഈ വരവേൽപ്പ് ട്രേജന്റെ ഭടന്മാർക്ക് ഒട്ടും രസിച്ചില്ല. എന്നിരുന്നാലും അദ്ദേഹത്തിന്റെ തുടർന്നുള്ള യാത്രയിൽ കൂട്ടാളികൾ വഴിയായി അദ്ദേഹം അനേകം കത്തുകൾ വിശ്വാസികൾക്ക് എഴുതി. താൻ കണ്ടുമുട്ടിയ വിശ്വാസികൾക്ക് നന്ദിസൂചകമായി എഴുതിയ ഈ കത്തുകളിലെ മുഖ്യ വിഷയം ക്രിസ്തീയ ജീവിതത്തിന് വേണ്ട പ്രയോഗിക നിർദ്ദേശങ്ങളായിരുന്നു.

സ്മുർന്നയിൽ നിന്നു ത്രോവാസിലെത്തിയ ഇഗ്നേഷ്യസിനെ അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾ സ്വീകരിക്കുകയും അദ്ദേഹത്തിന് മറ്റൊരു വരവേൽപ്പ് നൽകുകയും ചെയ്തു. തുടർന്ന് നിയാപോളിസ്, മാസിഡോണിയ, ഫിലിപ്യ ഇങ്ങനെ റോമിലേക്കുള്ള യാത്രയിൽ ഇഗ്നേഷ്യസ് ദീർഘദൂരം സഞ്ചരിച്ചു. തന്നെ ആദരവോടെ വരവേറ്റ എല്ലാ വിശ്വാസികളേയും അദ്ദേഹം തന്റെ തുടർയാത്രകളിൽ സഭകൾക്ക് എഴുതിയ കത്തുകൾ മുഖേന പ്രബോധിപ്പിച്ചു.

റോമിലെ ക്രിസ്ത്യാനികൾ ഓരോ ദിവസവും ഇഗ്നേഷ്യസിന്റെ വരവ് കാത്തിരുന്നു. റോമിലെത്തിയ ഇഗ്നേഷ്യസിനെ കാണാൻ കഴിഞ്ഞതിൽ അവർ സന്തോഷമുള്ളവരായിരുന്നെങ്കിലും ആ വലിയ മനുഷ്യന്റെ സംഭവിക്കാൻ പോകുന്ന രക്തസാക്ഷി മരണത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ അവർ ദുഃഖിതരായി.

അദ്ദേഹത്തിന്റെ മരണത്തിന് മുമ്പുള്ള ദിവസങ്ങൾ ഇഗ്നേഷ്യസ് സഹോദരന്മാരോട് ഒന്നിച്ച് പ്രാർത്ഥനയിൽ സമയം ചെലവഴിച്ചു. സഭയുടെ സുരക്ഷിതത്വത്തിനായും പീഡനങ്ങൾക്ക് അന്ത്യം വരുന്നതിനായും അവർ പ്രാർത്ഥിച്ചു. അദ്ദേഹം റോമിൽ കണ്ടുമുട്ടിയ വിശ്വാസികളോട് സ്നേഹത്തോടും ആദരവോടും കൂടി പെരുമാറി.

ഇഗ്നേഷ്യസിന്റെ ശിക്ഷ ആഘോഷമാക്കുന്നതിനും പരസ്യകാഴ്ചയാക്കുന്നതിനും വേണ്ടി അധികാരികൾ തിരഞ്ഞെടുത്തത് അവരുടെ പ്രസിദ്ധമായ ഒരു ഉത്സവദിനമായിരുന്നു. മനുഷ്യർ വന്യമൃഗങ്ങളോട് മല്ല് കെട്ടുകയും അവ മനുഷ്യരെ കടിച്ചു കീറുകയും ചെയ്യുന്നത് ആസ്വദിക്കുന്നത് ആഘോഷങ്ങളുടെ ഭാഗമായിരുന്നു. മുൻ നിശ്ചയിച്ചതുപോലെ സിംഹങ്ങളുടെ മുമ്പിൽ ഇഗ്നേഷ്യസിനെ പ്രദർശിപ്പിച്ചു. നിമിഷങ്ങൾക്കുള്ളിൽ അവ അദ്ദേഹത്തിന്റെ ജീവൻ കവർന്നെടുത്തു. 'അവർ സിംഹങ്ങളുടെ വായ് അടച്ചു' എന്നു വിശ്വാസവീരന്മാരെ കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (എബ്രായർ 11:33) ഇവിടെ ഇഗ്നേഷ്യസിനു സിംഹങ്ങളാലുള്ള രക്തസാക്ഷിമരണം നൽകാനാണു ദൈവത്തിനു പ്രസാദമായത്.

"തീയോ കുരിശോ വന്യമൃഗങ്ങളുടെ ആക്രമണമോ എല്ലുകൾ ഒടിക്കുകയോ മുഴുശരീരവും അടിച്ചുതകർക്കുകയോ പിശാചിന്റെ ഏതു ദണ്ഡനവും എനിക്കെതിരെ വരട്ടെ. ആയതിനാൽ യേശുവിനോടൊപ്പം ആയിരിക്കുക എന്നത് എനിക്ക് സാധ്യമാകുമല്ലോ".- ഇഗ്നേഷ്യസിന്റെ ഈ അന്ത്യ വാക്കുകൾ അദ്ദേഹം മരണത്തെ ഒട്ടും ഭയപ്പെട്ടില്ല എന്ന് കാണിക്കുന്നു മാത്രമല്ല മരണത്താൽ ഈ ലോകത്തിൽ നിന്ന് മാറ്റപ്പെടുമ്പോൾ യേശുവിനോടൊപ്പം താൻ ആയിരിക്കുമെന്ന തന്റെ ഉറച്ച വിശ്വാസത്തെ പ്രഖ്യാപിക്കുന്നതുമായിരുന്നു. ആ ധീരോദാത്തമായ വാക്കുകൾ. അവസാന നിമിഷം വരെ ചാഞ്ചല്യമില്ലാതെ ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി സധൈര്യം നിലകൊള്ളുകയും ഒടുവിൽ നല്ല പോർ പൊരുതി, ഓട്ടം തികച്ചു വിശ്വാസം കാക്കുകയും ചെയ്ത അന്ത്യോക്കിലെ ഇഗ്നേഷ്യസ് ഇന്നും അനേകരെ ക്രിസ്തുവിശ്വാസത്തിലേക്കു തന്റെ ജീവിതം കൊണ്ടു വെല്ലുവിളിക്കുന്നു.

**നോബിൾ പി. മാത്യു**

❖

# ബൈബിളിലൂടെ.... (പേജ് 26 ൽ നിന്ന് തുടർച്ച)

വെറുക്കുന്നുവോ അത്രയധികം നാം നീതിയെ ഇഷ്ടപ്പെടുകയും അത്രയുമധികം പരിശുദ്ധാത്മാവിലുള്ള സന്തോഷത്താൽ നിറയുകയും ചെയ്യും. നീതിയും പരിശുദ്ധാത്മസന്തോഷവുമാകുന്ന ദൈവരാജ്യം വന്ന് നമ്മുടെ ഹൃദയങ്ങളിൽ നിറയും (റോമ :14:17) 'കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ' എന്ന കല്പന അനുസരിക്കുവാൻ അപ്പോൾ നാം ശക്തരാകും (ഫിലി. 4:4).

ഈ വചനം സംസാരിച്ച വ്യക്തി അത്രയധികം പ്രാധാന്യമുള്ള വ്യക്തിയായിരിക്കുന്നതിനാൽ ആ വചനത്തിൽ നിന്നും വഴുതി അകന്നു പോകാതെയിരിക്കുവാൻ ആവചനം നമുക്കു ശ്രദ്ധയോടെ സ്വീകരിക്കാം (2:1). ചില വിശ്വാസികൾ ക്രിസ്തുവിന്റെ ചില കല്പനകൾ ചെറുതാണ്, അത്ര പ്രാധാന്യമുള്ളതല്ല എന്നു കരുതുന്നു. എന്നാൽ ചോദ്യം കല്പന വലുതോ ചെറുതോ എന്നതല്ല കല്പന നൽകിയ വ്യക്തിയുടെ പ്രാധാന്യം എത്രയുണ്ട് എന്നതത്രേ. ഒട്ടേറെ ക്രിസ്ത്യാനികളും ദൈവകല്പനയെ നിരസിക്കുക എന്ന കുറ്റമല്ല ചെയ്യുന്നത് മറിച്ച് അവഗണിക്കുക എന്ന തെറ്റാണ്. അങ്ങനെ അവർ അതിൽ നിന്നും വഴുതി അകന്നു പോകുന്നു.

ഞാൻ നേരത്തെ കപ്പലിൽ ജോലി ചെയ്തിരുന്നു. അതിനാൽ ഒഴുകി മാറുക എന്നാൽ എന്തെന്ന് വ്യക്തമായറിയാം. ഒരു കപ്പൽ തുറമുഖത്ത് അടുപ്പിച്ചിട്ട് നങ്കൂരമിടാതിരുന്നാൽ അതു നിന്നിടത്തു നിന്നും ഓളത്തിനൊത്ത് ഒഴുകിയകലും. ചെറിയ ഒരു തിരയ്ക്കുപോലും അതിനെ ഇളക്കിയിളക്കി മാറ്റുവാനും ദൂരേക്ക് ഒഴുക്കിക്കൊണ്ടുപോകുവാനും കഴിയും. എന്നാൽ ഇത് നമ്മുടെ കാഴ്ചയിൽപ്പെട്ടു എന്നു വരികയില്ല. കാലത്തുണർന്നു നോക്കുമ്പോൾ തലേന്നു നിന്ന സ്ഥാനത്തല്ല കപ്പൽ എന്നു ബോദ്ധ്യപ്പെടും. ദൈവവചനത്തിൽ നിന്നുള്ള ഒഴുകിപ്പോകലും അപ്രകാരമാണ്. ചില പാപങ്ങളെ നിങ്ങൾ അത്ര ഗൗരവതരമായി പരിഗണിക്കുന്നില്ല. നിങ്ങളുടെ നീതിയുടെ നിലവാരം മെല്ലെ മെല്ലെ താഴുന്നു. ക്രമേണ കർത്താവിനോടുള്ള സ്നേഹം കഴിഞ്ഞ വർഷത്തേക്കാൾ തണുത്തിരിക്കുന്നു. അതിനർത്ഥം നിങ്ങളറിയാതെ തന്നെ നിങ്ങൾ ഒഴുകിമാറി എന്നതാണ്.

ഇങ്ങനെ നിങ്ങൾ വല്ലപ്പോഴും ഒഴുകിമാറുകയും ശക്തമായ ഒരു സന്ദേശം കേട്ടു തിരികെ വരികയും വീണ്ടും ഒഴുകിമാറുകയും വീണ്ടും തിരികെ വരികയും ചെയ്യുന്നതു ദൈവഹിതമല്ല. ക്രിസ്തു സ്വഭാവത്തിലേക്ക് ക്രമവും സ്ഥിരവുമായ ഒരു അഭിവൃദ്ധിയാണ് ദൈവം ഇച്ഛിക്കുന്നത്. വല്ലപ്പോഴും ഒഴുകിപ്പോകാതെയിരിക്കുവാൻ ദൈവവചനം ശ്രദ്ധിക്കേണ്ടതുണ്ട്. (2:1). 'ഇത്രവലിയ രക്ഷയെ അവഗണിച്ചാൽ നമുക്ക് എങ്ങനെ രക്ഷപെടാൻ കഴിയും' എന്നാണ് ഈ ലേഖനകർത്താവ് ചോദിക്കുന്നത് (2 :3). ഇത് ചോദിക്കുന്നത് അവിശ്വാസികളോടല്ല, വിശ്വാസികളോടാണ്.

മൊഴിമാറ്റം : **ബോബിചെറിയാൻ**

❖



## The Making of Peter the Disciple -X

# DISCIPLES SIMPLY OBEY

**Sandeep Poonen**

In John 13:33-38, we see the continued education of Peter in being a disciple of Jesus. Jesus is preparing His disciples for His departure, and He tells them that they cannot follow Him. So He gives them this command:  Love one another as I have loved You.

Jesus just didn't want 12 disciples who knew His love.  He wanted the WHOLE WORLD to know His love.  Jesus was soon leaving this earth, so now His disciples needed to love one another, like He loved them. This was God's plan to reach the entire world: The living examples of disciples loving one another like Jesus loved each of them.

Even though Jesus taught His disciples many things, they were all to point to how He lived: He loved each of His disciples. Jesus was not interested in people who got advanced degrees from analyzing His words. He didn't eloquent sermons about His love. He needed disciples who very simply loved one another as Jesus loved them.

How do I want to follow Jesus?

But here in this passage, Peter get fooled into a false sense of devotion: He valued his idea of human loyalty over simple obedience to God's Word. Peter got caught up in his human emotions, that he ignored the clear commandment of Jesus (verses 34-35). Jesus's disciples were not meant to join Jesus on the cross; they had to live on and show the love of Jesus to others by the way they loved one another.

So while it was humanly nice and touching for Peter to want to follow Jesus, it was a disobedience to Jesus's request. This human loyalty was the dangerous soil that nurtured Peter's biggest failure. Peter failed Jesus publicly more than any of the other disciples did, because he was the only one who tried to push through with his

human love/loyalty, and try to do more than what Jesus ever asked of Him.

If Peter had simply obeyed Jesus' command here (to love his fellow disciples), he would have stuck with them and encouraged them in their fear and distress. Instead, he prided himself in fighting for Jesus. And that led to Peter being alone without his fellow disciples, and where he finally denied Jesus even to a servant girl. Peter, who had probably staunchly defended Jesus to his family and maybe even the religious leaders, could not now withstand the simple questions of a servant girl.

So we too must not confuse human loyalty with devotion to Jesus. We can even be eager to die for Him at church, but then give in to our lusts a few hours after church! When this happens, we must recognize that we have a human loyalty to God, and not the sincere and pure devotion to Jesus that honors Him.

So what is the test for true devotion to Jesus? Simple and pure obedience to God and His commandments (1 John 5:2-3). All other ideas of Christian devotion – like how many hours I studied the Bible, how many verses I memorized, how much I gave to the poor, how many people I healed, etc. are dangerously false indicators.

Peter did not see that following Jesus in the way Jesus loved His disciples was far superior to following Jesus physically and trying to offer up his life for Jesus.

This is a common problem for many of us. We too can be eager to copy the physical miracles of Jesus and the apostles. But the message of Jesus is spirit and life (John 6:63). So to follow in Jesus' footsteps is not to follow in His physical footsteps (being a carpenter, living in Capernaum, or even walking on water). There is NOTHING spiritual in visiting Israel. If it did, the rich would have a clear advantage over the poor.

To follow Jesus is to follow His spiritual footsteps. So if we want to follow Jesus in His heart of devotion to the Father, we strive (like Jesus) to do nothing on our own initiative (John 5:19). And to have a heart that cries out to the Father in helpless dependence to be saved from every last temptation to sin (Hebrews 5:7).

The heroic acts for God may not please Him. God who looks at our motives, can find our heroic acts meaningless because it is done out of self-interest and not out of love. As Paul says, I could "surrender my body to be burned" and it could be useless if I did not have love. And I could "give all my possessions to feed the poor" and it could be useless without love (1 Corinthians 13:1-3).

Is it really true that somebody who died in the name of Jesus,

could receive no reward? Yes, if it was done without love! What a tragedy that would be indeed.

Let's think about this question: Is it possible that a mother who took care of her three children might get a much greater reward than a man who lost his life as a missionary? Absolutely – if the woman had a greater love for God than the man, then she would get a greater reward. Maybe the missionary started out well, but slowly lost his first love for Jesus. He continued on the mission field, but slowly served out of obligation to those who supported him, and for the paycheck that he was too afraid to lose. Such a person might be greatly extolled on this earth. Meanwhile the mother lived her life raising her children to be disciples of Jesus, out of her deep love for the Lord. Such a mother will surely get a much greater reward than this missionary. This is a most sobering thought, but God's truth nonetheless.

Disciples must grow in true obedience

So we must recognize that there is only one kind of obedience that is meaningful to God in the New Covenant: Obedience out of love. Obedience out of a sense of obligation is the dangerous trap of living life with a set of rules and regulations.

And here is how we can test the quality of our obedience:

Obedience to God's commands must be valued higher than all our self-sacrificial acts, even if they are for God (1 Samuel 15:22). Martha was wrong in all of her service for Jesus, because she didn't do the one thing that Mary did – to prioritize listening to Jesus and checking with Him first about what He wants us to work on.

Obedience in the hidden is more impressive than obedience in the visible. There are so many ways where we obey God in our external lives but are secretly motivated by a fear of man, the guilt and shame of being exposed, etc. This was the problem of the Pharisees, and this was why Jesus exhorted them to clean what was inside of them (Matthew 23:25-28; Matthew 12:35)

A "most-of-the-way" obedience where we obey most of God's commands but not all is most dangerous. The danger with a most-of-the-way obedience is that it can fool us into thinking that we're fine because we've mostly obeyed. Let us learn from King Saul in 1 Samuel 15. The obedience that is pleasing to God is an all-the-way obedience. James 2:10 – For whoever keeps the whole law and yet stumbles in one point, he has become guilty of all.

And here's the really good news about living a life of loving obedience. Jesus is our example in this. He too learned obedience (as

*എഡിറ്റോറിയൽ*

# ആദ്യസ്നേഹം അവസാനത്തോളം *തുടർച്ച...*

വാതില്ക്കൽ വച്ച് പൗലൊാസിനെ ഒരു വലിയ വെളിച്ചം ചുറ്റി മിന്നി. പൗലൊസ് തുടർന്നു മൂന്നു ദിവസം കണ്ണുകാണാതിരിക്കുകയും ഒടുവിൽ അനന്യാസ് വന്നു പ്രാർത്ഥിച്ചപ്പോൾ കാഴ്ച പ്രാപിക്കുകയും ചെയ്തുവല്ലോ. എന്നാൽ ദൈവിക തേജസ്സിന് അഭിമുഖമായി നിന്ന പൗലൊസിനു പിന്നീടു കാഴ്ച ലഭിച്ചെങ്കിലും അദ്ദേഹത്തിനു കാഴ്ചക്കുറവുണ്ടായിരുന്നിരിക്കാം എന്നു ചില വേദ പണ്ഡിതന്മാർ പറയാറുണ്ട്. 'എന്റെ ശരീരം സംബന്ധിച്ചു നിങ്ങൾക്കുണ്ടായ പരീക്ഷയിൽ നിങ്ങൾ കഴിയുമെങ്കിൽ നിങ്ങളുടെ കണ്ണു ചൂഴ്ന്നെടുത്ത് എനിക്കു തരുമായിരുന്നു' (ഗലാ. 4:14,15) എന്നു പറയുന്നതിനെ പൗലൊസിനു 'ശരീരത്തിൽ ഒരു ശൂലം ഉണ്ടായിരുന്നു' (2 കൊരിന്ത്യർ 12:7) എന്നതിനോടുചേർത്തു വായിച്ചാണ് അദ്ദേഹത്തിനു കാഴ്ചക്കുറവുണ്ടായിരുന്നു എന്ന നിഗമനത്തിൽ അവർ എത്തുന്നത്. കേൾവിക്കുറവുള്ളവർ സാധാരണക്കാരെക്കാൾ ഉച്ചത്തിൽ സംസാരിക്കുകയും കാഴ്ചക്കുറവുള്ളവർ സാധാരണക്കാരെക്കാൾ വലിയ അക്ഷരത്തിൽ എഴുതുകയും ചെയ്യുന്നതു ഓർക്കുക. ഒരുപക്ഷേ ഇതുകൊണ്ടാകുമോ പൗലൊസ് നേരിട്ട്

---

a Man) through the temptations He faced and by constantly crucifying His own will (Hebrews 5:7-9). So the Holy Spirit did not automatically impart obedience to Jesus. Obedience through suffering was how Jesus was made "perfect" or complete as a Man.

Jesus was always perfect because He was fully God while on earth. But as One who was also fully Man while on this earth, He was made perfect (complete) through His obedience to the will of the Father in every trial He faced. Every trial caused His own will to suffer at the expense of the Father's will.

This suffering from His daily temptations is what we need to be enamored with. The physical suffering of Jesus on the cross lasted for less than a day. The suffering that Jesus went through to become the source of eternal salvation for us all (Hebrews 5:9) was of never giving into the temptation to be independent from God (the root of sin). This is what makes Jesus truly magnificent: His obedience to the Father at all times. Without this, Jesus could never die for our sins.

So this will be the distinctive of the true disciples of Jesus. We too will learn obedience as we suffer in temptation, and surrender our will to show our love for our Savior and Example (1 Peter 2:21-22; 1 Peter 4:1-2).

❖

എഴുതുമ്പോഴെല്ലാം അതു വലിയ അക്ഷരത്തിൽ ആയിപ്പോയത്?

അങ്ങനെയെങ്കിൽ നാം ചിന്തിച്ചു വരുന്ന 1 കൊരിന്ത്യർ എന്ന ലേഖനം മുഴുവൻ പൗലൊസ് എഴുതിയതല്ലേ? അതിൽ അനാഥാമെ, മാറാനാഥ എന്നീ വാക്കുകൾ മാത്രം വലിയ അക്ഷരത്തിലായിരുന്നു എന്നു പറയുന്നതിന് എന്താണു ന്യായം? ഇതിനുമറുപടി ആ കാലഘട്ടത്തിൽ പൗലൊസ് ഉൾപ്പെടെയുള്ളവർ നീണ്ട ലേഖനങ്ങൾ എഴുതുമ്പോൾ അതു കേട്ടെഴുതാൻ അവർ അതു തൊഴിലായി സ്വീകരിച്ച എഴുത്തുകാരുടെ (Scribes) സഹായം തേടാറുണ്ടായിരുന്നു എന്നതാണ്. ആ ലേഖനം മുഴുവൻ അങ്ങനെ ഒരാളെ കൊണ്ടായിരിക്കാം എഴുതിച്ചത്. ഇങ്ങനെ പറയുന്നതിനും എന്തെങ്കിലും തെളിവു ബൈബിളിൽ നിന്നു ചൂണ്ടിക്കാണിക്കാൻ കഴിയുമോ? തീർച്ചയായും കഴിയും. ഉദാഹരണത്തിനു റോമർ 16 ന്റെ 22 നോക്കുക: "ഈ ലേഖനം എഴുതിയ തെർതോസ് എന്ന ഞാൻ നിങ്ങളെ വന്ദനം ചെയ്യുന്നു" എന്നാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. റോമർക്ക് എഴുതിയ ലേഖനം പൗലൊസാണ് എഴുതിയതെന്നാണല്ലോ നമ്മൾ കരുതിയിരുന്നത്. പിന്നെ പൗലൊസിന്റെ കൂട്ടുവേലക്കാരുടെയൊക്കെ വന്ദനം രേഖപ്പെടുത്തുമ്പോൾ തെർതോസ് എന്നൊരാൾ കൂടി ഇടയ്ക്കു കയറി റോമാക്കാർക്കു വന്ദനം പറയുകയും ഈ ലേഖനം എഴുതിയതു താനാണെന്ന് അവകാശവാദം ഉന്നയിക്കുകയും ചെയ്യുന്നത് എങ്ങനെയാണ്? ഉവ്വ്, അതാണു നമ്മൾ പറഞ്ഞുവന്നത്. തെർതോസ്, പൗലൊസ് പറഞ്ഞുകൊടുക്കുന്നതു കേട്ടെഴുതുന്ന ഒരു പ്രഫഷണൽ കൈപ്പട എഴുത്തുകാരൻ ആയിരുന്നിരിക്കണം.

റോമാലേഖനം പോലെ തന്നെ നീണ്ട പതിനാറ് അധ്യായങ്ങളുള്ള 1 കൊരിന്ത്യർ എഴുതാനും പൗലൊസ് തെർതോസോ അതുപോലെയുള്ള എഴുത്തുകാരുടേയോ സഹായം തേടിയിട്ടുണ്ടാകാം. അങ്ങനെയെങ്കിൽ ആ രംഗം നമുക്ക് ഇങ്ങനെ ഭാവന ചെയ്യാം. പൗലൊസ് ലേഖനം പറഞ്ഞുകൊടുക്കുന്നു. എഴുത്തുകാരൻ അതുകേട്ടെഴുതുന്നു. ഒടുവിൽ ലേഖനം സമാപിക്കുമ്പോൾ പൗലൊസ് ആ തൂലിക വാങ്ങി സ്വന്തകൈകൊണ്ട് സമാപന വാക്കുകൾ കുറിക്കുന്നു. ഒപ്പം രണ്ടു വാക്കുകളും-അനാഥാമെ, മാറാനാഥ. ആ ഭാഗം മാത്രം പൗലൊസ് എഴുതിയതുകൊണ്ട് വലിയ അക്ഷരത്തിലാണു വന്നിരിക്കുന്നത്!

ഈ ലേഖനം കൊരിന്തുസഭയിൽ കിട്ടുന്ന രംഗം കൂടി ഭാവന ചെയ്തു നോക്കുക. പൗലൊസിന്റെ ലേഖനം വന്നിട്ടുണ്ടെന്നു കേട്ട സഭാംഗങ്ങളെല്ലാം അതൊന്നുകാണാനായി തിക്കിത്തിരക്കുന്നു. ലേഖനം വായിക്കുന്നതിനു മുൻപ് ആ ലേഖനത്തിന്റെ വലിയ ചുരുൾ എല്ലാവർക്കും കാണാൻ പാകത്തിൽ അവിടെ നിവർത്തിയിട്ടു. എല്ലാവരും അതിലേക്ക് ഉറ്റുനോക്കുന്നു. ചെറിയ അക്ഷരങ്ങളിൽ 'കുനുകുനെ' എഴുതിയ ഒരു നീണ്ട ലേഖനം. പക്ഷേ അവസാനം എത്തുമ്പോൾ വളരെ വലിയ അക്ഷരങ്ങളിൽ രണ്ടു വാക്കുകൾ. ആൾക്കൂട്ടത്തിനു പുറകിൽ നില്ക്കുന്നവർക്കു കൂടി ആ വാക്കുകൾ വായിച്ചെടുക്കാം. അത്ര വലുപ്പമുണ്ട് അക്ഷരങ്ങൾക്ക് ("നോക്കുവിൻ; എത്ര വലിയ അക്ഷരമായി ഞാൻ നിങ്ങൾക്കു സ്വന്തകൈകൊണ്ടുതന്നെ...."). ആ വാക്കുകൾ നൽകുന്ന സന്ദേശം അസ്ത്രംപോലെ കാഴ്ചക്കാരുടെ ഹൃദയത്തിലേക്കു തുളച്ചുകയറി- കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും

ശപിക്കപ്പെട്ടവൻ, നമ്മുടെ കർത്താവു വരുന്നു. തുടർന്നുള്ള അവരുടെ ജീവിതത്തിൽ മറ്റെല്ലാറ്റിനെക്കാളും വലുതായി ഈ രണ്ടു കാര്യങ്ങൾ അവർ ഹൃദയത്തിൽ കരുതിക്കൊണ്ടിട്ടുണ്ടാകും.

മുകളിൽ നാം പറഞ്ഞതിന്റെയെല്ലാം ചുരുക്കമെന്താണ്? അത് ഇങ്ങനെ പറയാം: 1 കൊരിന്ത്യർ എന്ന ലേഖനം ഒന്നാം നൂറ്റാണ്ടിൽ കൊരിന്തിലെ സഭാജനങ്ങൾ കണ്ടതുപോലെ നാം ഒന്നു കണ്ടിരുന്നെങ്കിൽ കേവലം അക്ഷരത്തിന്റെ വലുപ്പംകൊണ്ടുതന്നെ രണ്ടു കാര്യങ്ങൾ പ്രധാനപ്പെട്ടതാണെന്നു നാം തിരിച്ചറിയുമായിരുന്നു. ഒന്ന്: കർത്താവുമായി നമുക്കുണ്ടാകേണ്ടത് ഒരു സ്നേഹബന്ധമാണ്. നാമും കർത്താവുമായുള്ള ബന്ധത്തിലെ സ്നേഹം നഷ്ടപ്പെടരുത്. നഷ്ടപ്പെട്ടാൽ നാം ഒരു ശാപത്തിനു കീഴിലായിപ്പോകും. രണ്ട്: നാം സ്നേഹിക്കുന്ന കർത്താവിനെ നാം മുഖാമുഖമായി കാണുന്ന നാൾ സമീപിച്ചിരിക്കുന്നു. കർത്താവിന്റെ ആ നാളിനായി ഒരുങ്ങിക്കാത്തിരിക്കണം.

സ്ഥലപരിമിതി മൂലം ഇതിൽ ഒന്നാമത്തെ കാര്യം, കർത്താവിനെ സ്നേഹിക്കണം എന്ന കാര്യം മാത്രം, നമുക്കു തുടർന്നുചിന്തിക്കാം:

ദൈവത്തെ ഭയപ്പെടുകയോ, ആരാധിക്കുകയോ, ദൈവത്തിനായി പ്രവർത്തിക്കുകയോ ചെയ്താൽ പോര നാം ദൈവത്തെ സ്നേഹിക്കണം എന്നാവശ്യപ്പെടുന്നതു ക്രിസ്തീയ മാർഗ്ഗം മാത്രമാണ്. യേശു തന്നെ ഇതാണ് വലിയതും ഒന്നാമത്തേതുമായ കല്പന എന്നു പറഞ്ഞിരിക്കുന്നു —'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കണം' (മത്തായി. 22:37).

ദൈവത്തെ സ്നേഹിക്കണം എന്നു പറയുമ്പോൾ ഒരു പ്രശ്നമുണ്ട്. നാം യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നുണ്ടെന്ന് എങ്ങനെ അറിയാം? അതൊരു തോന്നലാണോ? വാസ്തവത്തിൽ കർത്താവിനോടുള്ള സ്നേഹം എന്നാൽ എന്താണ്?

സ്നേഹം എന്തെന്ന് അറിയുന്നതിനും നാം കർത്താവിങ്കലേക്ക് നോക്കണം. കർത്താവ് സ്നേഹിച്ചു എന്നു പറയുന്നിടത്ത് അവിടുന്ന് എന്താണ് ചെയ്തത്? അതാണ്, അതുമാത്രമാണ്, യഥാർത്ഥ സ്നേഹത്തിന്റെ അളവുകോൽ.

ദൈവം സ്നേഹിച്ചു എന്നു പറഞ്ഞിരിക്കുന്ന ഏറ്റവും പ്രസിദ്ധമായ വാക്യം യോഹന്നാൻ 3:16 ആണ്—'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.'

ദൈവം ലോകത്തെ സ്നേഹിച്ചു. അതു സ്വന്തം പുത്രനെ നൽകിയാണ്. അല്ലാതെ ദൈവസ്നേഹം ഒരു തോന്നലോ കേവലം വൈകാരികാനുഭൂതിയോ ആയിരുന്നില്ല.

1 യോഹന്നാൻ 3:16ലും സ്നേഹം എങ്ങനെ തിരിച്ചറിയാൻ കഴിയുമെന്നു പറഞ്ഞിരിക്കുന്നു— 'അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്ന് അറിഞ്ഞിരിക്കുന്നു.'

റോമർ 5:8ൽ ദൈവം തന്റെ സ്നേഹം പ്രദർശിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ അത് എങ്ങനെയാണ്? 'ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു

നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു'.

കണ്ടോ, ദൈവം സ്നേഹിച്ചു എന്നു പറഞ്ഞിരിക്കുന്ന ഈ മൂന്നു വാക്യങ്ങളിലും പുത്രനെ നൽകിയും പ്രാണനെ വച്ചുകൊടുത്തും നമുക്കു വേണ്ടി മരിച്ചുമാണ് ദൈവം ആ സ്നേഹം പ്രദർശിപ്പിച്ചിരിക്കുന്നത്. യഥാർത്ഥ സ്നേഹം തന്നെത്തന്നെ നൽകുന്നതാണ്. പ്രാണൻ വച്ചുകൊടുക്കുന്നതാണ്. മരിക്കുന്നതാണ്. ഇതിൽ കുറഞ്ഞതു സ്നേഹമല്ല.

നാം കർത്താവിനെ സ്നേഹിക്കണം എന്നു പറയുന്നിടത്തും ഇതേ മനോഭാവം പ്രസക്തമാണ്. നമ്മെത്തന്നെ കർത്താവിനുനൽകാത്ത, ജീവൻ വച്ചുകൊടുക്കാത്ത, സ്വയത്തിനു മരിക്കാത്ത സ്നേഹം യഥാർത്ഥസ്നേഹമല്ല. ഒരു ക്രിസ്തീയ പാട്ടിന്റെ ഗാനമാധുരിയിൽ കണ്ണുനനഞ്ഞപോയതും, പ്രാർത്ഥിച്ചപ്പോഴുണ്ടായ ഗദ്ഗദവുമല്ല ദൈവത്തോടുള്ള സ്നേഹം. തീർച്ചയായും സ്നേഹത്തിൽ ഇത്തരം വൈകാരികാനുഭൂതികൾ ഉണ്ട്. എന്നാൽ അതുമാത്രമാണു ദൈവത്തോടുള്ള സ്നേഹമായി നമ്മിലുള്ളതെങ്കിൽ അത് ഒരുതരം സിനിമയിൽ കാണുന്ന സ്നേഹമാണ്. അതു യഥാർത്ഥമല്ല. നമ്മുടെ കർത്താവിനോടുള്ള സ്നേഹം അങ്ങനെ മാത്രമാണെങ്കിൽ നാം കർത്താവിനെ വാസ്തവത്തിൽ സ്നേഹിക്കുന്നില്ല!

കർത്താവിനോടുള്ള യഥാർത്ഥ സ്നേഹം ജീവൻ നൽകുന്ന സ്നേഹം മാത്രമാണെന്നു പറയുമ്പോൾ അത് അക്ഷരാർത്ഥത്തിൽ നമ്മുടെ പ്രാണനെ വെടിയുന്നതല്ല. കർത്താവിനോടുള്ള വിശ്വാസത്തെപ്രതി തനിക്കായി രക്തസാക്ഷിയാകാനുള്ള ഭാഗ്യം എല്ലാവർക്കും ലഭിച്ചുവെന്നുവരികയില്ല. എന്നാൽ എല്ലാവർക്കും കർത്താവിനായി സ്വയജീവനെ (self life) വച്ചുകൊടുക്കാൻ കഴിയും. അത് ആഴത്തിൽ ദൈവേഷ്ടത്തിനായി സ്വന്തഇഷ്ടത്തെ യാഗമാക്കുന്നതാണ്. ഇത് എളുപ്പമല്ല. നമ്മുടെ സ്വന്തഇഷ്ടം നമ്മുടെ സ്വത്വത്തിന്റെ (identity) തന്നെ ഭാഗമാണ്. അതു വേണ്ടെന്നു വയ്ക്കുമ്പോൾ ഒരർത്ഥത്തിൽ നാം ഒരു മരണ വേദന അറിയുകയാണ്. സ്വന്തഇച്ഛയെ പിതാവിന്റെ ഇച്ഛയ്ക്കു മുൻപിൽ അടിയറ വച്ച ഒരു സമയത്ത് യേശു 'എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു' എന്നു പറഞ്ഞത് ഓർക്കുക (മത്തായി 26:38,39). ക്രൂശിന്റെ വഴിയിൽ സ്വയ ജീവനെ ഈ നിലയിൽ വച്ചുകൊടുക്കാത്ത (യോഹന്നാൻ 12:24,25) ശിഷ്യത്വത്തിന്റെ പാതയിൽ ദിനം തോറും ക്രൂശെടുത്ത് തന്നെ അനുഗമിക്കാത്ത (ലൂക്കോ.14:27) സ്നേഹം കർത്താവിനോടുള്ള യഥാർത്ഥസ്നേഹമല്ലെന്നു വ്യക്തമല്ലേ?

കർത്താവു സ്വർഗാരോഹണത്തിനു തൊട്ടുമുൻപ് 'ശക്തി ലഭിച്ചിട്ടു നിങ്ങൾ എന്റെ സാക്ഷികൾ ആകും' (പ്രവൃ.1:8) എന്നു പറഞ്ഞിടത്തു മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദം വെറും സാക്ഷികൾ എന്നല്ല 'രക്തസാക്ഷികൾ' എന്നാണെന്നു കേട്ടിട്ടുണ്ട്. എല്ലാവർക്കും അക്ഷരാർത്ഥത്തിൽ രക്തസാക്ഷികളാകാൻ കഴിയുകയില്ല. എന്നാൽ യഥാർത്ഥ സ്നേഹത്തിന്റെ ശക്തിയാൽ നമുക്കെല്ലാവർക്കും യെരുശലേമിലും യെഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്നുവേണ്ട ജീവിതത്തിന്റെ എല്ലാ മേഖലയിലും കർത്താവിന്റെ 'ജീവിച്ചിരിക്കുന്ന രക്തസാക്ഷികളാ'കാൻ (living martyrs)കഴിയും. ഇങ്ങനെയൊരു സ്നേഹം ഒരുവൻ കയ്യാളുന്നില്ലെങ്കിൽ അവൻ യഥാർത്ഥത്തിൽ കർത്താവിനെ സ്നേഹിക്കുന്നില്ലെന്നും 1 കൊരിന്ത്യർ 16:22ന്റെ അടിസ്ഥാനത്തിൽ അവൻ ശപിക്കപ്പെട്ടവനാണെന്നും

പൗലൊസ് പറയുമ്പോൾ ഇത് എത്രയോ ഗൗരവമുള്ളകാര്യമാണ്!

പൗലൊസ് എഫേസ്യ ലേഖനം അവസാനിപ്പിക്കുമ്പോൾ പതിവുപോലെ 'കൃപ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ' എന്നല്ല പറയുന്നത്. മറിച്ച് 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ അക്ഷയമായി സ്നേഹിക്കുന്ന എല്ലാവരോടും കൂടെ കൃപ ഇരിക്കുമാറാകട്ടെ' എന്നാണ് (6:24). കർത്താവി നോടു നമുക്ക് ക്ഷയിച്ചു പോകാത്ത സ്നേഹം ഉണ്ടായിരിക്കണം എന്ന് ഇവിടെ പറയുമ്പോൾ അത് ഒരു മുന്നറിയിപ്പുകൂടിയാണ്—'സ്നേഹം ക്ഷയി ച്ചുപോകാൻ സാധ്യതയുണ്ട്!'

സമ്പൂർണ്ണസ്നേഹം പൂർണചന്ദ്രനെപ്പോലെയാണ്. എന്നാൽ പൗർണമി നാളിൽ ആകാശത്തു പൂർണപ്രഭചൊരിഞ്ഞുനില്ക്കുന്ന ചന്ദ്രനെ തുടർന്നുള്ള ദിവസങ്ങളിൽ നാം ശ്രദ്ധിച്ചാൽ ഓരോ ദിവസവും അതു ക്ഷയിച്ചു ക്ഷയിച്ചു വരുന്നതു കാണാം. വലുപ്പം കുറഞ്ഞു വരുന്നു. ഒടു വിൽ അമാവാസിനാളിൽ ഒട്ടും കാണാനില്ല. പൂർണ്ണ അന്ധകാരം! പൗലൊസ് നൽകുന്ന മുന്നറിയിപ്പ് കർത്താവിനോടുള്ള നമ്മുടെ സ്നേഹം ഇങ്ങനെ ക്ഷയിച്ചുപോകരുതെന്നാണ്.

സ്നേഹം നഷ്ടമായേക്കാമെന്ന ഈ മുന്നറിയിപ്പ് നമുക്ക് ആവശ്യമില്ലെ ന്നാണോ നാം ചിന്തിക്കുന്നത്? എന്നാൽ ഓർക്കുക: 'ഒട്ടേറെ നന്മകൾ ചൂണ്ടി ക്കാണിക്കാനുണ്ടായിരുന്ന എഫേസോസിലെ സഭയ്ക്കെതിരെ ഒരുകുറ്റം മാത്രമായിരുന്നു കർത്താവിനു പറയാനുണ്ടായിരുന്നത്. അതുമറ്റൊന്നല്ല-- കർത്താവിനോടുള്ള ആദ്യസ്നേഹം വിട്ടുകളഞ്ഞു! ഇത് ഒരു ദിവസംപൊ ടുന്നനെ സംഭവിച്ചതാണോ? അല്ല. ഓരോ ദിവസവും സ്നേഹം കുറഞ്ഞു വന്നു. ഒടുവിൽ അനിവാര്യമായതു സംഭവിച്ചു—ആദ്യസ്നേഹം കൈമോശം വന്നു!

നമുക്ക് ഇതു സംഭവിക്കാതിരിക്കാൻ എന്താണു വഴി? ഉവ്വ് ഒരു വഴിയു ണ്ട്. കർത്താവിന്റെ മുൻപാകെ ദിനന്തോറും (Day today basis) ജീവിക്കു ക. ഇന്നലത്തെ ആത്മീയനേട്ടം ഇന്നു നമ്മെ സഹായിക്കുകയില്ല. കർത്താ വിനോടുള്ള സ്നേഹം ഒരു വൈകാരികാനുഭൂതിയിൽ ഒതുക്കാതെ സ്വയ ജീവനെ മരണത്തിന് ഏല്പിക്കുക. ദിനന്തോറും സ്വന്തഇഷ്ടത്തിനു മരി ക്കുക. 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമി ക്കട്ടെ' (ലൂക്കോ. 9:23). ദൈവസ്നേഹത്തിന്റെ ചൂടിനു മുൻപിൽ ഇന്നു നിന്റെ ഹൃദയം വെണ്ണപോലെ ഉരുകിയൊലിക്കുന്നുവെന്നാണോ പ്രശംസ? സൂക്ഷി ക്കുക: കഷ്ടിച്ച് 24 മണിക്കൂർ മതി പാപത്തിന്റെ ചതിയാൽ കഠിനപ്പെട്ട് അത് അവിശ്വാസമുള്ള ദുഷ്ടഹൃദയമായി മാറാം. അതുകൊണ്ട് 'ഇന്ന്' എന്നു പറയുന്നേടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ. ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചുകൊള്ളുക (എബ്രാ.3:12 -14, 4:7) കർത്താവിനോടുള്ള സ്നേഹം ഒരുനാളും ഉതിർന്നുപോകാതിരി ക്കട്ടെ.

ഇതുവരെ ചിന്തിച്ച കാര്യങ്ങളെ സംക്ഷേപിക്കുമ്പോൾ ഒരുവാക്ക് നമ്മുടെ ഹൃദയപ്പലകയിൽ വളരെ വലിയ അക്ഷരത്തിൽ ഒന്നു കോറിയിട്ടിരുന്നെ ങ്കിൽ!

ആ വാക്ക് മറ്റൊന്നല്ല—അനാഥെമാ.

Thought for the month

# THE PATH FROM EMPTY TO PERFECT

## Santosh Poonen

*At first it was "**empty**" (Genesis 1:2)… then God made it "**good**" (Genesis 1:25)… then God made it "**very good**" (Genesis 1:31)… but we "**died**" (Genesis 2:17)… now God will make it "**perfect**" (Philippians 1:6).*

The progression listed above is how God works. God always starts with what is formless and "**empty**", so that no one can get any glory for it except God Himself (*I Corinthians 1:27-29*). So, if you feel like your life on earth is empty or pointless, come as you are and give yourself completely to God; He will make something perfect out of your life. If, however, you are proud of anything in your life, God will have to break that pride in you so that He can begin from the point of emptiness.

After that, along each step of the journey (as seen in the first five stages of creation before He makes mankind), God turns what was once "empty" into something "**good**" (*Genesis 1:4,10,12,18,21,25*). But, He doesn't stop there, because up to this point, none of creation is made in His image. So, He then makes male and female in His own image (*Genesis 1:26-27*), and breathes into them the initial breath of His life (*Genesis 2:7*). This distinguishes human beings from the rest of Creation, and God pronounces that what started as "empty" and had become "good," is now "***very* good**" (*Genesis 1:31*).

But, the story still does not end there. God, being perfect, wants us who are created in His image, to partake of His perfect Nature. When Adam and Eve came to life, they were only "very good" beings, created in the image of God and containing the initial breath of His life. In order for them to be made perfect, they would have to choose to love and obey God out of their own free will. The test that God gave them was whether they would choose a life of constantly depending on God – represented by the Tree of Life (*Genesis 2:9*). Since they chose instead a life of self-dependence – represented by the Tree of the Knowledge of Good and Evil – they immediately went from "very good" to "***dead***" (*Genesis 2:17*)!

But, the amazing truth in the gospel is that even death is not too big a problem for God! He immediately demonstrated His love for us while we were dead, by giving us the promise that He would still make things perfect, and restore His original plan for mankind. He did this by proclaiming thousands of years in advance, that He (Jesus) would come as a human being to "crush the serpent's head" (*Genesis 3:15*).

When Jesus did come, His life followed the same pattern. He first emptied Himself (*Philippians 2:7*). Then, throughout His life, as He went about doing good (*Acts 10:38*), He learned to be fully dependent on His Father and only do His Father's will (*John 5:19*). This required great inner suffering (*Hebrews 5:8-9*), but He never once yielded to sin (*Hebrews 4:15*) or pleased Himself (*Romans 15:3*), and was made ***perfect***. Thus, as the only human being who ever perfectly ate only from the Tree of Life, Jesus could not die. Then, even when our sin was put on Him and He was made to die (*II Corinthians 5:21*), death could not overpower Him – He rose from the dead!

Jesus' life thus became the path way (*Hebrews 10:19-20*) for us also who do the Father's will, to abide forever (*I John 2:17*). But God leaves the choice up to you. If you are "empty" and don't have faith that God can make you perfect, you will remain that way. If you are satisfied with "good" or "very good," then God will let you remain that way. If, however, you are thirsty to partake of all of God's Divine Nature, and you have faith, then He will take you from being dead, to having His ***eternal life***! Amen.

JEEVA MOZHIKAL RNI/KERBIL/-2003/21404
October 2017 www.jeevamozhikal.org
Annual Subscription Rs. 150/-

Registered No: KL/KTM/46/2015-17
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-09-2017

# നികുതിയില്ലാത്ത യഥാർത്ഥ സ്വത്ത്

ഇൻകം ടാക്സ് ഓഫീസർ ഒരു പാവപ്പെട്ട ക്രിസ്ത്യാനിയെ സമീപിച്ച് അയാളുടെ ധനത്തിന്റെ കണക്കുകൾ ആവശ്യപ്പെട്ടു. ആ കണക്കുകൾ നോക്കി നികുതി എത്ര അടയ്ക്കണമെന്നു തീരുമാനിക്കാൻ വേണ്ടിയാണ് ഓഫീസർ അങ്ങനെ ആവശ്യപ്പെട്ടത്.

"നിങ്ങൾക്ക് മൊത്തം എത്ര സ്വത്തുണ്ട്?" ഇൻകംടാക്സ് ഓഫീസർ പ്രാരംഭമായി ചോദിച്ചു.

"സത്യത്തിൽ ഞാൻ വളരെ വലിയ ഒരു ധനികനാണ്. ഒട്ടേറെ സ്വത്തുക്കൾ എനിക്കുണ്ട്. ഞാൻ അവ വെളിപ്പെടുത്താം"- ക്രിസ്ത്യാനി പറഞ്ഞു.

ഇൻകംടാക്സ് ഓഫീസർ കടലാസും പേനയും എടുത്തു: "ശരി അവ ഓരോന്നായി പറയൂ. ഞാൻ ഒരു പട്ടിക തയ്യാറാക്കിമൊത്തം കൂട്ടിനോക്കിയിട്ട് നികുതി എത്രയാകുമെന്നു പറയാം."

ക്രിസ്ത്യാനി കണ്ഠശുദ്ധി വരുത്തിയശേഷം പറഞ്ഞുതുടങ്ങി: "ഒന്നാമത് എനിക്ക് നിത്യജീവനുണ്ട്, യോഹന്നാൻ 3:16"

"രണ്ടാമത് എനിക്ക് സ്വർഗ്ഗത്തിൽ ഒരു വലിയ കൊട്ടാരമുണ്ട്, യോഹന്നാൻ 14:2".

"മൂന്നാമത് എനിക്ക് സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനമുണ്ട്, ഫിലിപ്യർ 4:7"

"നാലാമത് എനിക്ക് പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷമുണ്ട്, 1 പത്രോസ് 1:9"

"അഞ്ചാമത് എനിക്ക് ഒരുനാളും ഉതിർന്നുപോകാത്ത സ്നേഹമുണ്ട്, 1 കൊരിന്ത്യർ 13:8"

"ആറാമത് എനിക്ക് സാമർത്ഥ്യമുള്ള ഒരു ഭാര്യയുണ്ട്, സദൃശവാക്യം 31:10"

"ഏഴാമത് എന്നെ ബഹുമാനിക്കുന്ന ദീർഘായുസ്സുള്ള മക്കളുണ്ട്, പുറപ്പാട് 20:12"

"എട്ടാമത് സഹോദരന്മാരെക്കാൾ എന്നെ സ്നേഹിക്കുന്ന കൂട്ടുകാരെനിക്കുണ്ട്, സദൃശവാക്യം 18:24"

"ഒൻപതാമത് രാത്രിയിൽ എനിക്ക് സംഗീതമുണ്ട്, സങ്കീർത്തനം 42:8"

"പത്താമത് എനിക്ക് ഒരു ജീവകിരീടം ലഭിക്കും, യാക്കോബ് 1:12" - ക്രിസ്ത്യാനി പറഞ്ഞുനിർത്തി.

ഓഫീസർ പേന അടച്ചു. കടലാസ് മടക്കി വച്ചു. എന്നിട്ടു സാവധാനം ഇങ്ങനെ പറഞ്ഞു: "സ്നേഹിതാ, വാസ്തവത്തിൽ താങ്കൾ വലിയ ധനികനാണ്. എന്നാൽ താങ്കളുടെ ഈ സ്വത്തുക്കളൊന്നും നികുതിക്കു വിധേയമല്ല." ഓഫീസർ പോകാനായി എഴുന്നേറ്റു. അവസാനമായി അദ്ദേഹം ഇങ്ങനെ പറഞ്ഞു: " ഞാനുൾപ്പെടെ എല്ലാവർക്കും താങ്കളെപ്പോലെ നികുതിക്കു വിധേയമല്ലാത്ത ഇത്തരം യഥാർത്ഥ സ്വത്തുണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു!."

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.